# ദി ഡിഫെൻഡർ

Vol. No. 10 Issue No. 15 RNI Reg. No. 68089 / 97 Published From Perumbavoor 2007 August 1 Price: Rs.100/- P.A.

## ഗുണ്ടായിസവുമായി കെ. എ. ഏബ്രഹാം രംഗത്ത്

ഡിഫെൻഡറിന്റെ വായടയ്ക്കാൻ കെ.എ.ഏബ്രഹാം ഗുണ്ടകളുടെ സഹായം തേടുന്നു. കെ.എ.ഏബ്രഹാമിനും മത്തായിക്കുട്ടിക്കും എതിരെ എഴുതുന്നത് നിർത്തിയില്ലെങ്കിൽ റ്റി.എസ്.ബാലനേയും കുടുംബാംഗങ്ങളേയും തട്ടിക്കളയുമെന്നാണ് ഭീഷണി.

കെ.എ.ഏബ്രഹാമിന്റെ അളിയനാണെന്ന് സ്വയം പരിചയപ്പെടുത്തിയ ഒരാൾ ജൂലൈ 24ന് രാവിലെ 8.40ന് റ്റി.എസ്.ബാലന് ഫോൺ ചെയ്തു. 9947019693 എന്ന നമ്പറിൽ നിന്നാണ് വിളിച്ചത്. കെ.എ.ഏബ്രഹാമിന്റെ ബന്ധുക്കളിൽ പലരും രക്ഷിക്കപ്പെട്ടവരല്ല. അതുകൊണ്ട് കെ.എ. ഏബ്രഹാമിനെതിരെ എഴുതുന്നത് ഉടൻ നിർത്തണം. എഴുത്ത് നിർത്തിയില്ലെങ്കിൽ മേല്പടി ബന്ധുക്കൾ പെരുമ്പാവൂരിലെത്തി റ്റി.എസ്.ബാലനേയും കുടുംബാംഗങ്ങളേയും കശാപ്പുചെയ്യും. (സംഗതി സിമ്പിൾ.)

റ്റി.എസ്.ബാലനും കുടുംബാംഗങ്ങളും ഒന്നാംതരം ഭീരുക്കളാണെന്നും ഇത്തരം ഒരു ഭീഷണിയുണ്ടായാൽ ഉടൻ ഭയന്നുവിറയ്ക്കുമെന്നും ഒക്കെയാണ് കെ.എ.ഏബ്രഹാം ധരിച്ചു വെച്ചിരിക്കുന്നതെങ്കിൽ തെറ്റി. റ്റി.എസ്. ബാലനും കുടുംബാംഗങ്ങൾക്കും സാക്ഷാൽ ചെകുത്താനേപ്പോലും ഭയമില്ല. പിന്നെയല്ല കുറെ അളിയൻമാർ.



കെ.എ.ഏബ്രഹാമിനോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ഏഴു വയസ്സുള്ള കുട്ടിയോടു മുതൽ 70 കഴിഞ്ഞ വൃദ്ധനോടുവരെ സോദോമ്യപാപം ചെയ്ത മത്തായിക്കുട്ടി എന്ന അളിയനേക്കുറിച്ച് കെ.എ. ഏബ്രഹാമിന് എന്താണ് പറയാനുള്ളത് എന്ന് പറയാതെ ഈ പ്രശ്നം തീരുകയില്ല. സോദോമ്യപാപം പാപമേയല്ല എന്നാണെങ്കിൽ അത് തുറന്നു പറയുക. മിണ്ടാതിരുന്നാൽ പ്രശ്നം തീരുകയില്ല. ഭീഷണിപ്പെടുത്തി ഡിഫെൻഡറിനെ ഒതുക്കാമെന്ന വ്യാമോഹം വെറും അതിമോഹമാണ്. പ്രശ്നം കൂടുതൽ വഷളാകുന്നതിനു മുൻപായി പരിഹാരം ഉണ്ടാക്കുകയാണ് ബുദ്ധി.

## സുരേഷ് ബാബു പാസ്റ്റർമാരെ കൈയ്യേറ്റം ചെയ്തു

സുരേഷ് ബാബുവും ഗുണ്ടകളും ചേർന്ന് പാസ്റ്റർമാരെ കൈയ്യേറ്റം ചെയ്തു. ജൂലൈ ആദ്യ ആഴ്ചയിൽ തിരുവനന്തപുരത്ത് നടന്ന യോഗത്തിലാണ് സംഭവം നടന്നത്. അനു ജേക്കബ് എന്നൊരാളാണ് യോഗം സംഘടിപ്പിച്ചത്.

ശാപവും രോഗവും മറ്റും മാറ്റാനുള്ള പതിവു പരിപാടിയായിരുന്നു ഈ യോഗം. സുരേഷ് ബാബു, ഫിന്നി സ്റ്റീഫൻ തുടങ്ങിയ തട്ടിപ്പുകാർ പ്രസംഗകരായും ഉണ്ടായിരുന്നു. പങ്കെടുക്കുന്നവർക്ക് വണ്ടിക്കൂലിയും മറ്റും നൽകുമെന്ന് അറിയിച്ചിരുന്നതിനാൽ കുറെ പാസ്റ്റർമാർ എത്തുകയും ചെയ്തു.

സുരേഷ് ബാബു പാസ്റ്റർമാരെ ഒന്നടങ്കം ആക്ഷേപിച്ച് പ്രസംഗിച്ചതോടെയാണ് പ്രശ്നം ആരംഭിച്ചത്. സുരേഷിന്റെ പ്രസംഗം അതിരു കടന്നതായിരുന്നു എന്ന് ഏവർക്കും ബോദ്ധ്യമായി. യോഗം കഴിഞ്ഞ് മൂന്നു പാസ്റ്റർമാർ അനു ജേക്കബ്ബിനെ കണ്ട് പരാതി പറഞ്ഞു. ഇതേപ്പറ്റി സുരേഷിനോട് നേരിൽ സംസാരിക്കുവാൻ അനു ജേക്കബ് നിർദ്ദേശിച്ചു. അതനുസരിച്ച് ഈ പാസ്റ്റർമാർ സുരേഷിന്റെ അടുത്തെത്തി പരാതി പറഞ്ഞു. തികച്ചും



മാന്യമായാണ് ഈ പാസ്റ്റർമാർ സംസാരിച്ചത്. പക്ഷേ സുരേഷ് ഒരു ഭ്രാന്തനേപ്പോലെയാണ് പ്രതികരിച്ചത്. തന്നെ ചിലർ അക്രമിക്കാൻ വരുന്നു എന്ന് ഇയാൾ വിളിച്ചുപറഞ്ഞു. ഇതുകേട്ട് സുരേഷിന്റെ അനുജനും കുറെ ഗുണ്ടകളും ഓടിക്കൂടി. സുരേഷ് പാസ്റ്റർമാരിൽ ഒരാളുടെ കൈ ഒടിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അനുജന്റെ നേതൃത്വത്തിലുള്ള ഗുണ്ടാപ്പട പാസ്റ്റർമാരെ വലിച്ചിഴച്ചു. തങ്ങൾ പാസ്റ്റർമാരാണെന്ന് അവർ പലവട്ടം പറഞ്ഞെങ്കിലും ''നിന്റെയൊക്കെ ശുശ്രൂഷ തീർത്തുതരാമെടാ'' എന്ന് ആക്രോശിച്ചുകൊണ്ടായിരുന്നു മർദ്ദനം. അഞ്ചു മിനിട്ടോളം സമയം ഈ കോലാഹലം തുടർന്നു. അപ്പോഴേക്കും അനു ജേക്കബ് സ്ഥലത്തെത്തി രംഗം ശാന്തമാക്കി.

സുരേഷ് ബാബു ദൈവവുമായി ഒരു ബന്ധവുമില്ലാത്തവനും ഒന്നാംതരം തട്ടിപ്പുകാരനും ആണെന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും വിവരംകെട്ട പെന്തക്കോസ്തുകാർക്ക് വിശ്വാസം വന്നിട്ടില്ല. സുരേഷ് ദൈവദാസനാണെന്നു ധരിച്ച് വീട്ടിൽ വിളിച്ചു കയറ്റിയവരെല്ലാം പാഠം പഠിച്ചിട്ടുണ്ട്. ഒരു ഗൾഫുകാരൻ ആത്മഹത്യ ചെയ്യേണ്ടതായും വന്നു. സുരേഷ് എഞ്ചിനീയറാണെന്നും ഉഗ്രൻ ദൈവദാസനാണെന്നും ധരിച്ചാണ് അനു ജേക്കബ് ഈ കള്ളനെ വിളിച്ചതെന്നറിയുന്നു. ഇനിയെങ്കിലും ദൈവമക്കൾ സത്യം മനസ്സിലാക്കിയാൽ നന്ന്.

## മോഷണായിക്ക് തൊലിശ്രീ അവാർഡ്

റീമാ ബുക്സ്റ്റാളിന്റേയും സുഭാഷിതം മാസികയുടേയും ഉടമസ്ഥനായ സി.പി.മോനായി എന്ന മോഷണായിക്ക് ''തൊലിശ്രീ'' അവാർഡ്. മോഷണായിയുടെ തൊലിക്കട്ടിയുടെ അംഗീകാരമെന്ന നിലയ്ക്ക് ഡിഫെൻഡറാണ് ഈ അവാർഡ് നൽകുന്നത്.

മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ട് വ്യാജ ഡോക്ട്രേറ്റുകൾ വാങ്ങിയ കെ.സി.ജോണിനെ വെല്ലാൻ ഈ ഭൂമിമലയാളത്തിൽ മറ്റൊരു നാണംകെട്ടവനില്ല. അതുകൊണ്ട് അയാൾക്ക് ഡിഫെൻഡർ ''ജളപ്രഭു'' അവാർഡ് ആറുമാസം മുൻപ് നൽകിയിരുന്നു. മോഷണായിക്കും ജളപ്രഭു എന്ന പേരിൽത്തന്നെ അവാർഡ് കൊടുക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഒരുവർഷം ഒരേപേരിൽ രണ്ടുപേർക്ക് അവാർഡുകൾ കൊടുക്കുന്നത് ശരിയല്ല എന്ന് തോന്നിയതുകൊണ്ട് അവാർഡിന്റെ പേര് മാറ്റുകയായിരുന്നു. അസാമാന്യ തൊലിക്കട്ടിയുള്ള വ്യക്തി എന്ന നിലയ്ക്ക് മോഷണായിക്ക് ''തൊലിശ്രീ'' എന്ന അവാർഡ് തികച്ചും അനുയോജ്യമാണുതാനും.

മോഷണായി മറ്റുള്ളവർക്ക് അവാർഡ് കൊടുക്കുമ്പോൾ



വൻതുകകൾ അവാർഡായി പ്രഖ്യാപിക്കാറുണ്ട്. പക്ഷേ ഇത്തരം തട്ടിപ്പ് നടത്താൻ ഡിഫെൻഡർ തയ്യാറല്ല. അതുകൊണ്ട് അവാർഡായി രണ്ടു രൂപ 50 പൈസയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അത് ചെക്കായിട്ടു വേണോ മണിയോർഡറായിട്ട് വേണോ എന്ന് മോഷണായിക്ക് തീരുമാനിക്കാം.

മോഷണായിയുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിക്കുന്ന സുഭാഷിതം എന്ന മാസികയുടെ ജൂലൈ ലക്കമാണ് ഇയാൾക്ക് അവാർഡ് നേടിക്കൊടുത്തത്. 16 പേജുള്ള ഈ പ്രസിദ്ധീകരണത്തിൽ മോഷണായിയുടെ 26 ഫോട്ടോകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കാണ്ടാമൃഗത്തെ വെല്ലുന്ന തൊലിക്കട്ടിയുള്ളവനു മാത്രമേ ഇത് ചെയ്യാൻ ധൈര്യമുണ്ടാകൂ. സ്വന്തം ഫോട്ടോ അച്ചടിച്ച് കാണാൻ മിക്കവർക്കും ആഗ്രഹം തോന്നും. സ്വന്തമായി ഒരു പത്രമുണ്ടെങ്കിൽ രണ്ടോ മൂന്നോ ഫോട്ടോ പ്രസിദ്ധീകരിക്കയും ചെയ്യും. പക്ഷേ സ്വന്തം പ്രസിദ്ധീകരണത്തിന്റെ ഒരു ലക്കത്തിൽ 26 ഫോട്ടോകൾ അടിച്ചുവിടാൻ മോഷണായിക്കല്ലാതെ മറ്റാർക്കും തോന്നുകയല്ല.

നാണം എന്ന വാക്കിന്റെ അർത്ഥം മോഷണായിക്ക് അറിഞ്ഞുകൂടാ. ഉപവാസത്തേക്കുറിച്ച് മറ്റുള്ളവർ എഴുതിയ ലേഖനങ്ങൾ ശേഖരിച്ച് സ്വന്തം പേരിൽ പുസ്തകമാക്കിയ വീരനാണ് ഇദ്ദേഹം. മോഷണായി എന്ന പേര് ഈ ചങ്ങാതിക്ക് ലഭിച്ചതും ഈ വിധത്തിലാണ്. സ്വന്തം ഭാര്യയെ കെ.സി.ജോണിന് വിട്ടുകൊടുത്തിട്ട് വിദേശപര്യടനത്തിന് പോകാനും ഈ വിശുദ്ധന് മടിയുണ്ടായില്ല. ദോഷം പറയരുതല്ലോ, ആ വകയിൽ ലഭിച്ച കുഞ്ഞിനെ സ്വന്തം കുഞ്ഞായി വളർത്താനുള്ള ഹൃദയവിശാലത മോഷണായിക്കുണ്ട്.

## –100 പ്രസംഗങ്ങൾ– സൗജന്യ നിരക്ക് 31 വരെ

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വരുന്ന 100 പ്രസംഗങ്ങൾ സൗജന്യ നിരക്കിൽ ലഭിക്കാനുള്ള അവസരം ആഗസ്റ്റ് 31ന് അവസാനിക്കും. ആയിരം രൂപ മുഖവിലയുള്ള സി.ഡികൾ ഇപ്പോൾ 750 രൂപയ്ക്ക് ബുക്ക് ചെയ്യാവുന്നതാണ്. എന്നാൽ സെപ്റ്റംബർ ഒന്ന് മുതൽ വില 900 രൂപയായി വർദ്ധിക്കുന്നതാണ്. ഏകദേശം ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 100 പ്രസംഗങ്ങൾ 10 എം.പി.3 സി.ഡികളിൽ ലഭിക്കുന്നതാണ്.

പുതിയനിയമമാണ് ദൈവസഭയുടെ അടിസ്ഥാന പ്രമാണം. പക്ഷേ പുതിയനിയമത്തിൽ നിന്ന് പ്രസംഗിക്കാൻ ദൈവവചനത്തിൽ പരിജ്ഞാനമുള്ളവർക്കേ കഴിയൂ. എന്നാൽ പഴയനിയമത്തിൽ നിന്ന് എന്തെങ്കിലും ഒരു കഥ പറഞ്ഞ് നിഴലും പൊരുളും ആക്കാൻ വലിയ ബുദ്ധിമുട്ടില്ല. അതുകൊണ്ട് പെന്തക്കോസ്ത് പ്രസംഗങ്ങളിൽ ഭൂരിപക്ഷവും പഴയനിയമത്തിൽ നിന്നുള്ളവയാണ്. ഇതുമൂലം ദൈവജനം പുതിയനിയമം ഗ്രഹിക്കാതെ പോകുന്നു. പൊരുൾ വന്നശേഷവും നിഴലിന്റെ പിന്നാലെ പോകുന്നു. ഈ കുറവ് ഒരളവോളമെങ്കിലും പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ തയ്യാറാക്കുന്നത്. പുതിയനിയമത്തിൽ നിന്ന് എങ്ങനെ പ്രസംഗവിഷയങ്ങൾ കണ്ടെത്താം എന്ന് മനസ്സിലാക്കുവാൻ ഈ സി.ഡികൾ ദൈവദാസൻമാർക്ക് സഹായകമാകും.

ജൂലൈ അവസാനത്തോടെ ഈ സി.ഡികൾ പുറത്തിറക്കാനാണ് ഉദ്ദേശിച്ചിരുന്നത്. അതനനുസരിച്ച് ജോലികൾ പുരോഗമിക്കുകയും ചെയ്തിരുന്നു. എന്നാൽ ജൂൺ-ജൂലൈ മാസങ്ങളിൽ ഉണ്ടായ വൈദ്യുതി തകരാർ നിമിത്തം റിക്കാർഡിംഗ് പലപ്പോഴും മുടങ്ങി. അതുകൊണ്ട് സി.ഡി പുറത്തിറക്കാൻ അല്പം കാലതാമസമുണ്ടാകും. ഈ മാസം അവസാന ആഴ്ചയോടെ ജോലികൾ പൂർത്തിയാക്കാം എന്നാണ് കരുതുന്നത്. (സി.ഡി ബുക്ക് ചെയ്തുകഴിഞ്ഞവർ ദയവായി ക്ഷമിക്കണം). സൗജന്യ നിരക്കിൽ സി.ഡി ലഭിക്കാൻ ആഗ്രഹമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 750 രൂപ (ഈ മാസം 31ന് അകമായി ഓഫീസിൽ ലഭിക്കത്തക്കവിധം) എം.ഒ./ഡി.ഡി. അയയ്ക്കുക.

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.10 Issue No. 15 2007 August 1

# ലജ്ജയായതിൽ മാനം തോന്നിയാൽ

ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു എന്ന് പൗലോസ് പറയുന്നു. (ഫിലി.3:19). ഭൂമിയിലുള്ളത് ചിന്തിച്ചു കൊണ്ട് ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നവരേക്കുറിച്ചാണ് പൗലോസ് ഇങ്ങനെ പറയുന്നത്. ഇത്തരക്കാർ വയറിനെ ദൈവമായി കാണുന്നവരാണ്. ഇന്നും ഇത്തരക്കാരുണ്ട്. യേശുക്രിസ്തുവിന്റെ ദാസൻമാരുടെ വേഷത്തിൽ നടക്കുന്ന ഈ നീചൻമാർക്ക് ഒരു ദൈവമേയുള്ളൂ: അത് അവരുടെ വയറാണ്. സുവിശേഷവേല അവർക്ക് വയറ്റിൽപിഴപ്പിനുള്ള ജോലി മാത്രമാണ്. ഭൗതീകമായ കാര്യങ്ങളിൽ മാത്രമാണ് അവർക്ക് ചിന്ത. പണം ഉണ്ടായാൽ ദൈവാനുഗ്രഹമായി. നാണം എന്ന വാക്കിന്റെ അർത്ഥം അവർക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു.

സോദോമ്യപാപം ഉദാഹരണമായെടുക്കാം. പാശ്ചാത്യ ലോകത്ത് സ്വവർഗ്ഗാനുരാഗം മാത്രമല്ല സ്വവർഗ്ഗ വിവാഹം വരെ സാധാരണ സംഭവം മാത്രമാണ്. അത് ഒരു പാപമായി അവർ പരിഗണിക്കുന്നില്ല. എന്നാൽ അതല്ല ഇന്ത്യയിലെ സ്ഥിതി. പരസ്യമായി ചർച്ച ചെയ്യാൻ പോലും അറെയ്ക്കുന്നത്ര ഹീനമായ കാര്യമായാണ് നാം ഈ ഹീനകൃത്യത്തെ കാണുന്നത്. പക്ഷേ ഇത് ഒരു പാപമേയല്ല എന്ന നിലപാട് സ്വീകരിക്കുന്നവരേപ്പറ്റി എന്താണ് പറയേണ്ടത്? മത്തായിക്കുട്ടി സോദോമ്യപാപം ചെയ്യുന്നവനാണെന്നും അത് തെളിയിക്കാൻ ആവശ്യമായ എല്ലാ തെളിവും ഹാജരാക്കാമെന്നും ഡിഫെൻഡർ പലവട്ടം വ്യക്തമാക്കിയിട്ടും എ.ജി നേതൃത്വം പ്രതികരിച്ചിട്ടില്ല. ടി.ജെ.ശാമുവലിന് സ്വവർഗ്ഗാനുരാഗം പാപമായി തോന്നുന്നില്ല. അതുപോലെ, കെ.എ.ഏബ്രഹാമിനും ഇത് ഗൗരവമുള്ള പാപമായി കാണാൻ കഴിയുന്നില്ല. ഇത്രയുമൊക്കെ കോലാഹലമുണ്ടായിട്ടും മത്തായിക്കുട്ടി പാസ്റ്ററായി തുടരുന്നു. തിരുവത്താഴവും നടത്തുന്നു.

കേട്ടാൽ അറെയ്ക്കുന്ന പാപങ്ങൾ ചെയ്യുന്നത് പെന്തക്കോസ്തിൽ ഇന്ന് സാധാരണ സംഭവമായി തീർന്നിരിക്കയാണ്. ഐ.പി.സി നേതാക്കൻമാരായ ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, ശാരോനിലെ സി.വി.ജോൺ, സുരേഷ് ബാബു, സാമച്ചൻ, മത്തായിക്കുട്ടി ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്തത്ര നീചൻമാർ പെന്തക്കോസ്തിൽ ദൈവദാസൻമാരായി വിലസുന്നു. ഇവരെ ദൈവത്തേപ്പോലെ ആരാധിക്കാൻ ആയിരങ്ങൾ മത്സരിക്കയാണ്. സത്യം ഗ്രഹിക്കാനോ സത്യത്തെ സ്നേഹിക്കാനോ മിക്കവർക്കും താല്പര്യമില്ല. ഇത്തരക്കാരുടെ ദൈവം കർത്താവായ യേശുക്രിസ്തുവല്ല സ്വന്തം വയറാണ്. അതുകൊണ്ടാണ് ഇവർക്ക് ലജ്ജയായത് മാനമായി തോന്നുന്നത്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

പുലിപോലെ വന്നു, എലിപോലെ പോയി എന്നു പറഞ്ഞതുപോലെയായി മൂന്നാർ ദൗത്യം. സകല കൈയ്യേറ്റക്കാരേയും ഒഴിപ്പിച്ചേ അടങ്ങൂ എന്നു പറഞ്ഞാണ് തുടങ്ങിയത്. ആദ്യ ദിവസങ്ങളിൽ കുറെ അത്താഴപ്പട്ടിക്കാരുടെ കൂരകൾ കത്തിച്ചു. അതു കഴിഞ്ഞ് പാർട്ടി ഓഫീസിൽ തൊട്ടു. അതോടെ കളി കാര്യമായി. ഏതാനും വൻകിടക്കാരേക്കൂടി ഒഴിപ്പിച്ചപ്പോൾ ഉന്നതങ്ങളിലുള്ള പലർക്കും നൊന്തു. അങ്ങനെ ഒഴിപ്പിക്കലിന് ഫുൾ സ്റ്റോപ്പ് ആയി.

ഇത് രണ്ടാം ഭൂപരിഷ്ക്കരണമാണെന്നത്രേ മുഖ്യമന്ത്രി പറഞ്ഞത്. പരിഷ്ക്കരിക്കാൻ മുഖ്യമന്ത്രി മൂന്നാർ വരെ പോകുകയും ചെയ്തു. റോഡരികിൽ ഉണ്ടായിരുന്ന ഒരു ബോർഡ് മാറ്റി സർക്കാരിന്റെ ബോർഡ് വയ്ക്കുകയും ചെയ്തു. അതോടെ തീർന്നു പരിഷ്ക്കരണം. കുശാൽ.

വെളുക്കാൻ തേച്ചത് പാണ്ടായി എന്ന ചൊല്ല് മൂന്നാർ കാര്യത്തിൽ അന്വർത്ഥമായി. ഇടതുഭരണത്തിൽ ജനങ്ങൾക്ക് ഒരളവോളമെങ്കിലും വിശ്വാസം ഉണ്ടായിരുന്നു. മൂന്നാർ പരിപാടി ആരംഭിച്ചപ്പോൾ ആ വിശ്വാസം വർദ്ധിക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ സംഗതി നേരേ തിരിഞ്ഞിരിക്കുകയാണ്. മൂന്നാർ നാടകം ഉണ്ടായിരുന്നില്ലെങ്കിൽ സ്ഥിതി ഇത്ര വഷളാകുമായിരുന്നില്ല. ഇപ്പോൾ ഒരു പൊതുതെരഞ്ഞെടുപ്പ് നടത്തിയാൽ യു.ഡി.എഫ് ജയിക്കും എന്നു തീർച്ച.

സ്വാശ്രയപ്രശ്നം ഉടനെയൊന്നും തീരുന്ന മട്ടില്ല. മാനേജ്മെന്റുകൾ സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിലെ ചില വ്യവസ്ഥകൾ കോടതി റദ്ദാക്കിയിരിക്കയാണ്. അതോടെ അഡ്മിഷൻ പരിപാടി താറുമാറായി. സ്വാശ്രയക്കാർ നടത്തുന്ന പരീക്ഷയ്ക്ക് സംരക്ഷണം നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടിരിക്കുന്നു. ആരിൽ നിന്നാണ് സംരക്ഷണം നൽകേണ്ടത്? ഭരണപക്ഷത്തുള്ള വിദ്യാർത്ഥി സംഘടനകളിൽ നിന്ന്. ആക്രമിക്കുന്നത് സ്വന്തം പിള്ളേര്. സംരക്ഷണം നൽകുന്നത് സ്വന്തം പോലീസ്. സോഷ്യലിസം എന്നൊക്കെ പറയുന്നത് ഇതായിരിക്കും.

രമേശ് ചെന്നിത്തല കൈക്കൂലി വാങ്ങിയോ? വാങ്ങിയിട്ടില്ലെന്ന് രമേശും കൊടുത്തിട്ടില്ലെന്ന് ഹിമാലയക്കാരും പറയുന്നു. പക്ഷേ സർക്കാർ വിടുന്ന മട്ടില്ല. രമേശ് വാങ്ങിയെന്ന് തെളിയിക്കേണ്ടത് അവരുടെ ആവശ്യമാണ്. ഒരുകോടിയും രണ്ടുകോടിയും ഒക്കെ വാങ്ങിയെന്ന് പാർട്ടിക്കെതിരെ ആരോപണം വരുമ്പോൾ ഇങ്ങനെയെന്തെങ്കിലുമൊക്കെ പറയാതെ പിടിച്ചു നിൽക്കുന്നതെങ്ങനെ?

മന്ത്രിയായ കുരുവിളയും കൈക്കൂലി വാങ്ങിയോ? വാങ്ങിയെന്ന് ഭരണപക്ഷത്തുള്ള ഒരു എം.എൽ.എ പറയുന്നു. ഈ എം.എൽ.എയ്ക്ക് കുരുവിളയുടെ പാർട്ടിയോടുള്ള പക ഏവർക്കും അറിയാം. പക്ഷേ ഈ ആരോപണത്തിൽ അല്പം കഴമ്പുണ്ടെന്ന് പറയാതെവയ്യ. കാരണം, പണം വാങ്ങിയെന്ന് മന്ത്രിയും മക്കളും സമ്മതിക്കുന്നു. എന്തിനു വാങ്ങി എന്നതുമാത്രമാണ് ഇനി അറിയാനുള്ളത്. തമിഴ്നാട്ടിലുള്ള സ്ഥലം വിറ്റ വകയിൽ കിട്ടിയതാണ് ഈ പണം എന്നത്രേ മക്കൾ പറയുന്നത്. അത് ശരിയാണെങ്കിൽ ഏതു സ്ഥലം എന്നുകൂടി പറയരുതോ? ആധാരത്തിന്റെ കോപ്പി മുഖ്യമന്ത്രിക്കും പത്രക്കാർക്കും കൂടി കൊടുത്താൽ പ്രശ്നം തീരില്ലേ? അത് ചെയ്യുന്നുമില്ല. ഈ പ്രശ്നത്തിൽ മറ്റൊരു പ്രശ്നം കൂടിയുണ്ട്. സ്ഥലം വിറ്റാൽ പണം കിട്ടുന്നത് പലപ്പോഴായിട്ടാണോ?

പനിക്കെതിരെ ബന്ദ് നടത്തുന്നവരെ ഈ ഭൂലോകത്ത് കേരളത്തിലല്ലാതെ മറ്റെങ്ങും കണ്ടെത്താനാവില്ല. കർക്കിടകം ഒന്നിന് ബന്ദ് നടത്താനായിരുന്നു ആദ്യം പരിപാടി ഇട്ടിരുന്നത്. അത് പിന്നീട് രണ്ടാംതീയതിയിലേക്ക് മാറ്റി. ഈ പരിപാടി മഴയ്ക്ക് ഒട്ടും രസിച്ചില്ല. അങ്ങനെ മഴ കോപിച്ചു. രാഷ്ട്രീയക്കാർ ഭയന്നും പനിച്ചും ഒക്കെ വിറച്ചു. അതോടെ ബന്ദ് വേണ്ടെന്നു വയ്ക്കുകയും ചെയ്തു. (ഗുണപാഠം: മഴക്കാലത്ത് ഇനി ബന്ദ് പ്രഖ്യാപിക്കരുത്).

ഗുരുവായൂർ അമ്പലത്തിൽ ഇനി സ്ത്രീകൾക്ക് ചുരിദാറിട്ട് കയറാം. എങ്കിലും പാന്റിനുള്ള വിലക്ക് തുടരുന്നു. പെന്തക്കോസ്തുകാർക്ക് പാന്റും കോട്ടും ടൈയും ഒക്കെ സ്വീകാര്യമാണ്. പക്ഷേ ചുരിദാർ ആത്മീയ വേഷമല്ല. പക്ഷേ സാരി തികഞ്ഞ ആത്മീയ വേഷം തന്നെ. ശരീരത്തിന്റെ നല്ലൊരു ഭാഗം പ്രദർശിക്കുന്ന സാരി ആത്മീയ വേഷമായി സ്വീകരിക്കുന്നവർ ശരീരം പരമാവധി മറയ്ക്കുന്ന ചുരിദാറെന്ന മാന്യമായ വേഷത്തെ അനാത്മീയതയുടെ പ്രതീകമായി കാണുന്നതിന്റെ ഗുട്ടൻസ് പിടികിട്ടുന്നില്ല. സ്ത്രീകൾ മാറുമറെയ്ക്കുന്നത് മഹാപാപമായി കണ്ടിരുന്ന പഴയ നമ്പൂതിരിമതത്തിന്റെ പ്രേതം ചില പെന്തക്കോസ്തുകാരെ ബാധിച്ചിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഓണം പടിവാതിൽക്കൽ എത്തിയിരിക്കയാണ്. പെന്തക്കോസ്തുകാർക്ക് ഓണം ഇല്ലെന്ന് പറയാറുണ്ടെങ്കിലും ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഇപ്പോൾ ഓണം ആഘോഷിക്കാറുണ്ട്. കാര്യം പരമ രഹസ്യമായാണ് ചെയ്യുന്നതെന്നു മാത്രം. പണ്ട് ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും പെന്തക്കോസ്തുകാർക്ക് നിഷിധമായിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. ക്രിസ്തുമസ്സ് ജാതീയദേവന്റെ ജൻമദിനമാണെന്ന് മിക്ക പെന്തക്കോസ്തുകാരും ഇപ്പോൾ പറയാറില്ല. ക്രിസ്തുവിന്റെ ജൻമദിനമെന്ന നിലയ്ക്ക് ക്രിസ്തുമസ്സ് ആഘോഷിക്കയും ചെയ്യുന്നു. ആസന്ന ഭാവിയിൽ പെന്തക്കോസ്തുകാർ ഓണം പരസ്യമായിത്തന്നെ ആഘോഷിക്കാൻ സാദ്ധ്യതയുണ്ട്.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# വരുന്നൂ അലക്ക്ശുശ്രൂഷ

അലക്ക് ശുശ്രൂഷ എന്നൊരു ശുശ്രൂഷയേക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ഈ ശുശ്രൂഷ വരുംദിവസങ്ങളിൽ ലോകമെങ്ങും പ്രചരിക്കാൻ ഇടയുണ്ട്. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര, വിശുദ്ധ ഛർദ്ദി തുടങ്ങിയതെല്ലാം രണ്ടു കൈയ്യും നീട്ടി സ്വീകരിച്ച പാരമ്പ്യര്യമുള്ള പെന്തക്കോസ്തുകാർ ഇതും സ്വീകരിക്കുമെന്നതിന് സംശയമില്ല.

ഫിന്നി സ്റ്റീഫൻ എന്ന വിദ്വാനാണ് അലക്ക് ശുശ്രൂഷയുടെ ഉപജ്ഞാതാവ്. അനു ജേക്കബ് തിരുവനന്തപുരത്ത് വിളിച്ചുചേർത്തതും സുരേഷ് പാസ്റ്റർമാർക്ക് കൈവെയ്പ് കൊടുത്തതുമായ യോഗത്തിലാണ് ഫിന്നി സ്റ്റീഫൻ ഈ കലാപരിപാടി അവതരിപ്പിച്ചത്. തുണിയെടുത്ത് കല്ലിൽ അടിച്ച് അലക്കുന്നതുപോലുള്ള ഒരു പരിപാടിയാണിത്. തുണിക്കു പകരം ഉപയോഗിക്കുന്നത് ഫിന്നി സ്റ്റീഫന്റെ കൈയ്യി ലിരിക്കുന്ന കർച്ചീഫാണ്. പ്രാർത്ഥനയ്ക്കെത്തുന്ന പാസ്റ്റർമാരുടേയും വിശ്വാസികളുടേയും തലയാണ് കല്ല്. തുണിയലക്കുന്നതുപോലെ ഇയാൾ കർച്ചീഫ് കൊണ്ട് തലയിൽ പലവട്ടം അടിക്കും. അതോടൊപ്പം ''തീ, തീ'' എന്ന് വിളിച്ചുകൂവുകയും ചെയ്യും. തീപിടുത്തമുണ്ടായി എന്നു ധരിച്ച് ജനം ഓടിക്കൂടുകയും ചെയ്തു.

അടുത്ത കൺവെൻഷൻ സീസണിൽ കേരളമെങ്ങും ഈ അലക്ക് ശുശ്രൂഷ വ്യാപിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

# പ്രസംഗകരുടെ ഇത്ര വലിയോരു സമൂഹം

സാക്ഷികളുടെ സമൂഹത്തേക്കുറിച്ചു പറഞ്ഞപ്പോൾ എബ്രായ ലേഖന കർത്താവ് നവംബർ 11 മുതൽ ഡിസംബർ ഒന്നുവരെ എറണാകുളത്ത് നടക്കാൻ പോകുന്ന ആത്മീയ ആഘോഷത്തേക്കുറിച്ച് സ്വപ്നംപോലും കണ്ടിരിക്കാൻ ഇടയില്ല. മെൽബൻ എന്നൊരു കൂട്ടക്ഷരവൈരി നടത്തുന്ന 21 ദിവസത്തെ മീറ്റിംഗിൽ 60 അത്യുഗ്രൻ പ്രസംഗകരാണ് തുത്രൂഷ നടത്തുക. (ഗിന്നസ് ബുക്ക് അധികൃതരെ ആരെങ്കിലും വിവരം അറിയിക്കുക). ''സ്നേഹവിരുന്ന് ആത്മീയ ആഘോഷം'' എന്നാണ് ഈ സംഭവവികാസത്തിന്റെ പേര്.

എങ്ങനെയാണ് ഇത്രയധികം ആളുകൾ പ്രസംഗിക്കുക? പറയാം. രാവിലെ 10ന് ആരംഭിക്കുന്ന യോഗത്തിൽ ഓരോ ദിവസവും ഓരോ ആൾ വീതം പ്രസംഗിക്കും. 20 ആളുകളുടെ കാര്യം അങ്ങനെ തീർക്കാം. ഉച്ച കഴിഞ്ഞ് മൂന്നുമണി മുതൽ അഞ്ചുമണി വരെയുള്ള വിടുതൽ തുത്രൂഷയിൽ മറ്റൊരു 20 പ്രസംഗകർ തങ്ങളുടെ ശക്തി വെളിപ്പെടുത്തും. വൈകിട്ട് ആറിന് തുടങ്ങുന്ന യോഗങ്ങളിൽ ബാക്കിയുള്ള 20 ആളുകളുടെ കലാപരിപാടിയും നടക്കും.

ആരൊക്കെയാണ് പ്രസംഗകർ? കേരളത്തിലെ ഒട്ടുമിക്ക വിവരദോഷികളും എത്തുന്നുണ്ട്. വി.എ.തമ്പി, വി.റ്റി.ഏബ്രഹാം, ടി.ജി.കോശി, എം.കുഞ്ഞപ്പി, പി.ആർ.ബേബി, എൻ.ജി.സാംകുട്ടി, കെ.സി.ജോൺ, ആർ.ഏബ്രഹാം തുടങ്ങിയവരാണ് പ്രമുഖർ. കൂടാതെ, സകല അണ്ടനും അടകോടനും ഉണ്ട്. സുരേഷ് ബാബു, നോബിൾ പി.തോമസ്, സാമച്ചൻ, ഫിന്നി സ്റ്റീഫൻ, എം.എ.വർഗീസ്, കെ.എ.ഏബ്രഹാം തുടങ്ങിയവരെ ഒഴിവാക്കിയത് ഒട്ടും ശരിയായില്ല. ഇവർ കൂടി ഉണ്ടായിരുന്നെങ്കിൽ ഒരു കോറം തികയുമായിരുന്നു.

# എല്ലാ രോഗവും സൗഖ്യമാക്കും (മുടന്തൊഴികെ)

തങ്കുവും തോമസ്കുട്ടിയും ചേർന്ന് മുടന്ത് ഒഴികെ ഏതു രോഗവും സൗഖ്യമാക്കും. പറയുന്നത് അവർ തന്നെ. വെറുതെ പറയുകയല്ല പത്രത്തിൽ പരസ്യം കൊടുക്കുകയാണ് ചെയ്തത്. ജൂലൈ 20-22 ദിവസങ്ങളിൽ കോലഞ്ചേരിയിൽ നടന്ന യോഗത്തിന്റെ പരസ്യം മനോരമയിൽ കൊടുത്തിരുന്നു.

ക്യാൻസർ രോഗികൾ സൗഖ്യമാകുന്നു, മദ്യപാനികൾ രൂപാന്തരപ്പെടുന്നു, പാപികൾ മാനസാന്തരപ്പെടുന്നു, ജപ്തിനടപടികൾ ഒഴിവാകുന്നു എന്നൊക്കെയായിരുന്നു പരസ്യ വാചകങ്ങൾ. അതോടൊപ്പം മറ്റൊരു അറിയിപ്പും ഉണ്ടായിരുന്നു: സൗജന്യ വീൽചെയർ വിതരണം ഉണ്ടായിരിക്കുന്നതാണ്.

സംഗതി ഒന്നാംതരമായിരിക്കുന്നു എന്ന് പറയാതെ വയ്യ. ക്യാൻസർ രോഗികളെ സൗഖ്യമാക്കും. പക്ഷേ മുടന്തനെ സൗഖ്യമാക്കില്ല. അവൻ വീൽ ചെയർ കൊടുക്കും. ഇതെന്തു ദൈവം? കർത്താവും ശിഷ്യൻമാരും മുടന്തരെ സൗഖ്യമാക്കി. ആ കർത്താവല്ല തങ്കുവിന്റെ കർത്താവെന്ന് തീർത്തുപറയാം.

## അജ്ഞന്റെ തന്ത്രങ്ങൾ അടുത്ത ലക്കത്തിൽ

ശുദ്ധ ഭോഷ്ക്കുമായി അജ്ഞൻ വീണ്ടും രംഗത്ത്. ജൂലൈ 20ന് പുറത്തിറങ്ങിയ മരുപ്പച്ചയിലാണ് അച്ചൻകുഞ്ഞ് ഇലന്തൂർ പച്ചക്കള്ളം പറഞ്ഞ് സമുദായക്കാരുടെ കൈയ്യടി വാങ്ങാൻ ശ്രമിക്കുന്നത്. കത്തോലിക്കരും സർക്കാരുമായി ചില പ്രശ്നങ്ങൾ നിലവിലുണ്ട് എന്നത് ശരിതന്നെ. പക്ഷേ രാജാവിനേക്കാൾ വലിയ രാജഭക്തിയുമായാണ് അച്ചൻകുഞ്ഞ് എത്തിയിരിക്കുന്നത്. എന്താണ് ഈ ചങ്ങാതി പറയുന്നത്? അത് അല്പം വിശദമായി പറയേണ്ട കാര്യമാണ്. സ്ഥലപരിമിതിമൂലം അത് അടുത്ത ലക്കത്തിലേക്ക് മാറ്റിവെയ്ക്കുന്നു.

# ദൈവകരത്തിലിരുന്ന് ശിവരാമൻ വെറ്റില മുറുക്കുന്നു, ബീഡി തെറുക്കുന്നു

ദൈവകരത്തിലിരുന്ന് വെറ്റില മുറുക്കാനും ബീഡി വലിക്കാനും ബീഡി തെറുക്കാനും മറ്റും പറ്റുമോ? പറ്റുമെന്ന് ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ നടത്തുന്ന ചവർ ചാനൽ പറയുന്നു. കൈരളി ടി.വിയിൽ ശ്രീരാമൻ അവതരിപ്പിക്കുന്ന വേറിട്ട കാഴ്ചകൾ എന്ന പരിപാടിയുടെ അനുകരണമായി ചവറിൽ അവതരിപ്പിച്ച ദൈവകരങ്ങളിൽ എന്ന പരിപാടിയിലാണ് ഈ വിചിത്ര വിശേഷമുള്ളത്.

ശിവരാമൻ എന്നൊരു അന്ധന്റെ കാര്യമാണ് പറയുന്നത്. അന്ധനാകയാൽ സ്വാഭാവികമായും ശിവരാമൻ പലവിധ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു. എന്നാൽ ശിവരാമൻ അവയെയെല്ലാം അവഗണിച്ച് ജീവിക്കുന്നു. തെങ്ങിൽ കയറും. ബീഡി തെറുക്കും. ജീവിക്കാൻ പലതും ചെയ്യുന്നു. നിരീശ്വരവാദികൾ ഉൾപ്പെടെ എല്ലാവർക്കും സാധിക്കുന്ന കാര്യങ്ങളാണ് ഇവയൊക്കെ. കർത്താവായ യേശുക്രിസ്തുവിന്റെ വിശേഷ സഹായമൊന്നും ഇതിന് ആവശ്യമില്ല. പക്ഷേ ഇതൊക്കെ കർത്താവിന്റെ സഹായത്താലാണ് ശിവരാമൻ ചെയ്യുന്നത് എന്നത്രേ ചവർ പറയുന്നത്. മുറുക്കിചുവപ്പിച്ച വായുമായിരുന്ന് ബീഡി തെറുക്കാൻ ശിവരാമനെ സഹായിക്കുന്ന ദൈവമാണ് ചവറിന്റെ ദൈവമെന്ന് ഈ വൈകിയവേളയിലെങ്കിലും പറഞ്ഞതിൽ സന്തോഷം.

മരിച്ചുപോയ കാരണവൻമാരോട് അനുഗ്രഹം ചോദിക്കുന്ന പാട്ടും വിഗ്രഹാരാധനയും ശവക്കല്ലറയിലെ പ്രാർത്ഥനയും വരെ സംപ്രേക്ഷണം ചെയ്യുന്ന ചവറിന് ഇതൊന്നും വലിയ കാര്യമായി തോന്നുകയില്ലെന്നറിയാം. പക്ഷേ ഇതൊക്കെ പ്രചരിപ്പിക്കാനാണ് കെ.സി.ജോൺ പണം പിരിക്കുന്നതെന്ന് അമേരിക്കക്കാർ അറിയണം.

# സേവ്യറിന്റെ കടഭാരം മാറി

അങ്ങനെ സേവ്യറിന്റെ കടഭാരം മാറി. ഏതു സേവ്യർ? എങ്ങനെയാണ് കടഭാരം മാറിയത്? പറയാം. സേവ്യർ എന്നു പേരുള്ള നിരവധി ആളുകൾ ഉണ്ടെങ്കിലും ഈ സംഭവത്തിലെ നായകനായ സേവ്യർ ഒരു സങ്കല്പ പുരുഷനാണ്. അതുകൊണ്ട് സേവ്യറിന്റെ കടഭാരവും സങ്കല്പമാണ്. പക്ഷേ അത്ഭുതവീരനായ പ്രസംഗകന്റെ ദൈവത്തിനു മാത്രം ഈ സത്യങ്ങളൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഒരു അത്ഭുതവീരൻ വൈപ്പിനിൽ വിടുതൽ ശുശ്രൂഷ നടത്തുന്നു. രോഗം മാറും, കടഭാരം മാറും, ജപ്തി മാറും എന്നൊക്കെയാണ് പ്രചരണം. ഇതൊന്ന് പരീക്ഷിക്കുവാൻ വർഗീസ് എന്നു പേരുള്ള ഒരാൾ തീരുമാനിച്ചു. അങ്ങനെ വർഗീസ് ഈ അത്ഭുതകുമാരനെ ഫോണിൽ വിളിച്ചു: ''എന്റെ പേര് സേവ്യർ എന്നാണ്. നിങ്ങളുടെ യോഗത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചാൽ കടഭാരം മാറുമോ?''. ''മാറും, തീർച്ചയായും മാറും'', കുമാരൻ പറഞ്ഞു. അങ്ങനെയെങ്കിൽ എനിക്ക് 30,000 രൂപയുടെ കടമുണ്ട്. ''അത് നിങ്ങൾ പ്രാർത്ഥിച്ച് മാറ്റിത്തരണം.'' തീർച്ചയായും മാറ്റാം എന്നായി കുമാരൻ. പക്ഷേ വർഗീസ് വിട്ടില്ല. ''ആ പണം എനിക്ക് ഉടനെ കൊടുത്തുതീർക്കണം. അതുകൊണ്ട് നിങ്ങൾ എനിക്ക് 30,000 രൂപ കടം തരൂ. നിങ്ങൾ പ്രാർത്ഥിച്ച് എന്റെ കടഭാരം മാറുമ്പോൾ തിരിച്ചുതരാം''. അതു പറ്റില്ല എന്നായി അത്ഭുതവീരൻ. അങ്ങനെ ആ സംഭാഷണം അവസാനിച്ചു.

ഏറെ താമസിയാതെ വൈപ്പിനിലെ യോഗം നടന്നു. വർഗീസ് യോഗത്തിന് പോയില്ല. പക്ഷേ യോഗത്തിൽ പങ്കെടുത്തവർ പറഞ്ഞ് വർഗീസ് സംഭവം അറിഞ്ഞു: ''കടഭാരത്താൽ വലയുന്ന സേവ്യറിന്റെ കടഭാരം ഇതാ എന്റെ യേശു മാറ്റുന്നു'', പ്രസംഗകൻ പ്രഖ്യാപിച്ചു. അങ്ങനെ ഇല്ലാത്ത സേവ്യറിന്റെ ഇല്ലാത്ത കടഭാരം മാറി. (പൊന്നു മാളോരേ, ഇതെന്ത് ആത്മാവാണ്?).





# ബ്രദർ വി.എം.മാത്യുവിനെ ഓർക്കുമ്പോൾ

ഗുഡ്ന്യൂസ് ചെയർമാനായ ബ്രദർ വി.എം.മാത്യു അന്തരിച്ചു എന്ന വാർത്ത എന്റെ ഒരു സ്നേഹിതൻ വിളിച്ച് അറിയിച്ചപ്പോൾ ടി.എസ്.ബാലൻ എന്ന ഈയുള്ളവന് അനല്പമായ ദു:ഖമുണ്ടായി. ഒരു ദൈവദാസൻ വിട്ടുപിരിഞ്ഞതിലുള്ള ദു:ഖം.

വി.എം.മാത്യുസാർ രോഗിയായി ഭാരപ്പെടുന്നു എന്ന് ഞാൻ അറിഞ്ഞത് ആറുമാസം മുൻപാണ്. ഉടൻതന്നെ ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ എത്തി. രോഗത്തിന് ശമനമുണ്ട് എന്ന വാർത്തയാണ് ഞാൻ കേട്ടത്. ഞങ്ങൾ വളരെസമയം സംസാരിച്ചിരുന്നു. അദ്ദേഹത്തിന് ആരോഗ്യം വീണ്ടുകിട്ടിയെന്നും ഗുഡ്ന്യൂസിന്റെ പ്രവർത്തനങ്ങളിൽ വീണ്ടും സജീവമായി എന്നും പിന്നീട് കേൾക്കാനും ഇടയായി. അതുകൊണ്ട് മരണവാർത്ത അപ്രതീക്ഷിതമായി.

യഹോവാഭക്തൻമാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാണ്. അത് ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണ് നടക്കുന്നത്. ദൈവം വി.എം.മാത്യുസാറിനെ ഏല്പിച്ച ശുശ്രൂഷ അവസാനിച്ചു അതുകൊണ്ട് ദൈവം അദ്ദേഹത്തെ വിളിച്ചു. ഇതാണ് ഞാൻ മനസ്സിലാക്കുന്നത്.

വിമർശനം തൊഴിലാക്കിയ റ്റി.എസ്.ബാലൻ ഒരാളേക്കുറിച്ച് നൻമപറയാൻ കഴിയുമോ എന്ന് അത്ഭുതപ്പെടുന്നവരുണ്ടാകാം. അങ്ങനെയുള്ളവരുടെ അറിവിലേക്ക് പറയട്ടെ: വിമർശിക്കേണ്ടതിനെ മാത്രമേ ഞാൻ വിമർശിക്കുന്നുള്ളൂ. ദുരുപദേശം, ദുർന്നടപടി എന്നിവയെ വിമർശിക്കാതെ പറ്റില്ല. ഈ വിഷയത്തിൽ ഞാൻ ഗുഡ്ന്യൂസ് വീക്കിലിയെ വിമർശിച്ചിട്ടുണ്ട്. ഇനിയും വിമർശിക്കുകയും ചെയ്യും. ദുരുപദേശങ്ങളെ ഫലപ്രദമായി എതിർക്കാൻ കഴിയുന്ന പത്രമാണ് ഗുഡ്ന്യൂസ്. ഒരളവോളം ഇത് അവർ കഴിഞ്ഞകാലങ്ങളിൽ ചെയ്തിട്ടുമുണ്ട്. അതുപോലെ പെന്തക്കോസ്തിലെ ദുർന്നടപ്പുകാർക്കെതിരായും ഗുഡ്ന്യൂസ് പ്രതികരിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് ഗുഡ്ന്യൂസ് ഒരു നപുംസകമാണ്. ഗുണമോ മണമോ രുചിയോ ഇല്ലാത്ത അത്ഭുതവസ്തു. ഗുഡ്ന്യൂസിന്റെ എഡിറ്ററായ സി.വി.മാത്യുവാണ് ഗുഡ്ന്യൂസിനെ വന്ധ്യംകരിച്ചത്. ഈ ഹീനകൃത്യത്തിനെതിരെ പോരാടാൻ വി.എം.മാത്യുസാർ ധൈര്യം കാണിച്ചില്ല. ഈ വിഷയം പറഞ്ഞ് ഞങ്ങൾ തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുമുണ്ട്. ഗുഡ്ന്യൂസിനെതിരെ ഡിഫെൻഡറിൽ പലപ്പോഴും എഴുതേണ്ടിവന്നതും ഈ കാരണത്താലത്രേ. പക്ഷേ ഈ പ്രശ്നം ഞങ്ങൾ തമ്മിലുള്ള വ്യക്തിബന്ധത്തെ ബാധിച്ചില്ല.



നാഗാലാന്റിലെ ജോലി രാജിവെച്ച് 1993ൽ ഞാൻ കേരളത്തിലെത്തിയശേഷമാണ് പത്രക്കാരുമായും മറ്റും ഞാൻ പരിചയപ്പെടുന്നത്. പക്ഷേ ഞാൻ നാഗാലാന്റിൽ ആയിരിക്കുമ്പോൾത്തന്നെ വി.എം.മാത്യുസാറുമായി പരിചയത്തിലായി. അദ്ദേഹത്തെ ഞാൻ നാഗാലാന്റ് സന്ദർശിക്കാൻ ക്ഷണിക്കയും അദ്ദേഹം ക്ഷണം സ്വീകരിക്കയും ചെയ്തിരുന്നു. എന്നാൽ പല കാരണങ്ങളാൽ അത് നടക്കാതെപോയി. കേരളത്തിൽ എത്തിയ ശേഷം ഞാൻ അദ്ദേഹത്തെ നേരിൽ കാണുകയും സൗഹൃദം ഉറപ്പിക്കയും ചെയ്തു.

വി.എം.മാത്യുസാർ അടിയുറച്ച ഒരു പെന്തക്കോസ്തുകാരനായിരുന്നു, മാനസാന്തരവും സ്നാനവും പരിശുദ്ധാത്മ സ്നാനവും ഒക്കെ പ്രസംഗിക്കുന്ന പെന്തക്കോസ്തുകാരൻ. അന്യഭാഷ പറയുന്നത് നാണക്കേടാണെന്ന് അദ്ദേഹം കരുതിയില്ല. അല്പം ഐ.പി.സി സ്പിരിറ്റ് ഉണ്ടായിരുന്നെങ്കിലും സംഘടനകൾക്ക് അതീതമായ ദൈവമക്കളെ സ്നേഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പെന്തക്കോസ്ത് ഐക്യത്തിന്റെ പ്രതീകമായിരുന്നു ബ്രദർ വി.എം.മാത്യു.

മലയാളത്തിലെ ആദ്യത്തെ പെന്തക്കോസ്ത് വാർത്താവാരിക ആരംഭിച്ചതും അതിനെ ഇത്രത്തോളം വളർത്തിയതും വി.എം.മാത്യുസാറാണ്. നിരവധി എഴുത്തുകാരെ അദ്ദേഹം കൈപിടിച്ചുയർത്തി. ആദ്യമായി എന്റെ ഒരു ലേഖനത്തിൽ അച്ചടിമഷി പുരണ്ടതും ഗുഡ്ന്യൂസിന്റെ സഹായത്താലാണ്.

സംഘടനാവ്യത്യാസം കൂടാതെ ജീവകാരുണ്യ പ്രവർത്തനം നടത്താനും വി.എം.മാത്യുസാറിന് കഴിഞ്ഞു. ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയുടെ സഹായത്താൽ വിവാഹിതരായവരും കിടപ്പാടമുണ്ടായവരും ഏറെയുണ്ട്. തട്ടിപ്പും വെട്ടിപ്പും ഇല്ലാതെ അത് ഭംഗിയായി ചെയ്യുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

ദുർന്നടപ്പുകാരുടെ കേളീരംഗമാണ് പെന്തക്കോസ്ത് പ്രസ്ഥാനം. പക്ഷേ ദുർന്നടപ്പിന്റെ ശ്രുതിപോലും ഇല്ലാത്ത ജീവിതമായിരുന്നു വി.എം.മാത്യുസാറിന്റേത്. അതേസമയം അദ്ദേഹം കപടഭക്തനായിരുന്നുമില്ല. ഭക്തിയുടെ വേഷമില്ലാതെ, എടുത്തടിച്ച് മറുപടി പറയുന്ന ആളായിരുന്നു അദ്ദേഹം. അവിഹിത മാർഗ്ഗങ്ങളിലൂടെ കോടികൾ സമ്പാദിക്കാവുന്ന പദവികളിൽ ഇരുന്നിട്ടും അദ്ദേഹം അന്യായമായി സ്വത്ത് സമ്പാദിച്ചില്ല. പണം ചെലവാക്കുന്ന കാര്യത്തിൽ ഒരളവോളം അദ്ദേഹം പിശുക്കനായിരുന്നെങ്കിലും ദ്രവ്യാഗ്രഹം അശ്ശേഷമില്ലായിരുന്നു. (നേരായ മാർഗ്ഗത്തിലൂടെ പണമുണ്ടാക്കുന്നവർ അല്പം പിശുക്ക് കാണിക്കുക സ്വാഭാവികം). സഭാരാഷ്ട്രീയത്തിൽ ചിലപ്പോഴൊക്കെ അദ്ദേഹം ഇടപെട്ടിരുന്നെങ്കിലും അധികാരമോഹിയുമായിരുന്നില്ല.

സകല ഭൂവാസികളുടേയും വഴിയായി ഏവരും ഒരു ദിവസം പോയേ മതിയാകൂ. ബ്രദർ വി.എം.മാത്യു അങ്ങനെ കടന്നുപോയി. ഒരു സഹോദരന്റെ വേർപാടിൽ ഉണ്ടാകാവുന്ന ദു:ഖം എനിക്കുമുണ്ട്. എങ്കിലും രോഗിയായി ഏറെനാൾ കിടന്ന് കഷ്ടപ്പെടാതെ കടന്നുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞല്ലോ എന്നോർത്ത് ഞാൻ സന്തോഷിക്കയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കർത്താവായ യേശുക്രിസ്തുവിനെ വധശിക്ഷക്ക് വിധിച്ചതിന്റെ പിറ്റേന്ന് പീലാത്തോസിന്റെ ശവം മിസ്സോറി മിസിസ്സിപ്പി നദിയിൽ കണ്ടെത്തി എന്ന് കെ.എ.ഏബ്രഹാം ഈയിടെ പവ്വർ വിഷനിൽ പ്രസംഗിച്ചു. ഇതൊക്കെ ഒന്ന് എഡിറ്റ് ചെയ്യാൻ അവിടെ ആരുമില്ലേ?

■ കെ.എ.ഏബ്രഹാമിന്റെ പ്രസംഗം കേട്ട് നിരവധി ആളുകൾ ഇങ്ങനെ പലതും ഡിഫെൻഡർ ഓഫീസിൽ അറിയിക്കാറുണ്ട്. ഇതൊക്കെ എഡിറ്റ് ചെയ്യാൻ പവ്വർ വിഷനിൽ ആരുമില്ലേ എന്നാണ് മിക്കവരും ചോദിക്കുന്നത്. ''ആരുമില്ല'' എന്ന മറുപടിയേ പറയാനാവൂ.

റിക്കാഡ് ചെയ്ത് ലഭിക്കുന്ന പ്രസംഗങ്ങൾ അതേപടി സംപ്രേക്ഷണം ചെയ്യുകയാണ് അവർ ചെയ്യുന്നത്. അതിന്റെ ഉള്ളടക്കം എന്തെന്ന് നോക്കാറില്ല. വലിയ വചനപണ്ഡിതൻമാർ ഈ ചാനലിന്റെ പിന്നിൽ ഉണ്ടെന്നും അവർ എല്ലാം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടാണ് സംപ്രേക്ഷണം ചെയ്യുന്നത് എന്നും മറ്റുമാണ് സാധാരണക്കാർ ധരിച്ചുവെച്ചിരിക്കുന്നത്. പക്ഷേ സത്യം അതല്ല. രക്ഷിക്കപ്പെടുക എന്നാൽ എന്ത് എന്നുപോലും അറിഞ്ഞുകൂടാത്ത കുറെ ജോലിക്കാരാണ് ചവറിലുള്ളത്. ശരിയും തെറ്റും മനസ്സിലാക്കാനുള്ള കഴിവ് അവർക്കില്ല. അതുകൊണ്ട് സാത്താൻ ദൈവമാണ് എന്ന് പ്രസംഗിച്ചാലും അവർ സംപ്രേക്ഷണം ചെയ്യും.

ഇനി കെ.എ.ഏബ്രഹാമിന്റെ കാര്യം. വളച്ചുകെട്ടാതെ പറഞ്ഞാൽ ഇയാൾ ഒരു വിവരദോഷിയാണ്. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും വിവരമില്ലാത്തതുകൊണ്ട് ഇയാൾ ലോകപ്രസിദ്ധ പ്രസംഗകനായി വിലസുന്നു എന്നുമാത്രം.

പീലാത്തോസിന്റെ ശവം മിസ്സോറി മിസിസ്സിപ്പി നദിയിൽ കിടന്നു എന്ന് ഇയാൾ പ്രസംഗിക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. ഗംഗ, യമുന, പമ്പ, നൈൽ എന്നൊക്കെ പറഞ്ഞാൽ ഒരു ചുണയുണ്ടാകില്ല. പക്ഷേ മിസ്സോറി മിസ്സിസിപ്പി എന്നു പറയുമ്പോൾ ഒരു ചുണയുണ്ട്. അതുകൊണ്ട് അങ്ങനെ പറയുന്നു എന്നേയുള്ളൂ. സംഗതിക്ക് വിശ്വാസ്യത ഉണ്ടാക്കാൻ ''ഞാൻ ഒരു പുസ്തകത്തിൽ വായിച്ചു'' എന്നും ഇടയ്ക്കൊക്കെ പറയും. താൻ വലിയ വായനക്കാരനാണ് എന്ന് പൊതുജനങ്ങളെ അറിയിക്കുകയാണ് ലക്ഷ്യം. പക്ഷേ ഇത്തരം ഒരു വിഡ്ഢിത്തം ഒരു പുസ്തകത്തിലും കണ്ടെത്തുകയില്ല.

വലിയ പണ്ഡിതനാണ് താൻ എന്ന് തെളിയിക്കാൻ കെ.എ.ഏബ്രഹാം ശാസ്ത്രവും ചരിത്രവും ഒക്കെ പറയാറുണ്ട്. മിനിറ്റിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിനാണ് വിളമ്പുന്നത്. സംശയമുള്ളവർ കെ.എ.ഏബ്രഹാമിന്റെ പ്രസംഗം കേൾക്കുക. ഓരോ വിഡ്ഢിത്തവും പറഞ്ഞിട്ട് ''എന്റെ പാണ്ഡിത്യം എങ്ങനെയുണ്ട്?'' എന്ന ഭാവത്തിൽ മുഖം കൊണ്ട് കാണിക്കുന്ന ഗോഷ്ടികളാണ് ഏറ്റവും അസഹനീയം.

അ,ഇ,ഉ,എ തുടങ്ങിയതൊക്കെ വ്യഞ്ജനാക്ഷരങ്ങളാണ് എന്ന് കെ.എ.ഏബ്രഹാം കണ്ടുപിടിച്ച കാര്യം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. കാറ്റിന് പന്തിനുള്ളിലോ ട്യൂബിലോ ഒക്കെ കയറിയിട്ടല്ലാതെ സ്വയം ഒന്നും ചെയ്യാൻ പറ്റില്ല എന്ന് കെ.എ.ഏബ്രഹാം കഴിഞ്ഞ ദിവസം പ്രസംഗിച്ചു. കാറ്റ് (വായു) ഒരു വ്യക്തിയല്ല. അതുകൊണ്ട് സ്വയം ഒന്നും പ്രവർത്തിക്കാൻ കഴിയുകയുമില്ല. എങ്കിലും കാറ്റിനെ ഒരു വ്യക്തിയായി സങ്കല്പിച്ച് പറഞ്ഞാലും കെ.എ.ഏബ്രഹാമിന്റെ സിദ്ധാന്തം ശരിയാകുകയില്ല. പന്തിലും ട്യൂബിലും മറ്റും കയറിയ കാറ്റിന്റെ സമ്മർദ്ദം മൂലം പന്തും ടയറും വീർക്കുന്നു എന്നല്ലാതെ വിശേഷിച്ച് ഒരു പ്രവൃത്തിയും കാറ്റ് ചെയ്യുന്നില്ല. കൊടുങ്കാറ്റുണ്ടാകുന്നത് പന്തിനുള്ളിലല്ല എന്നതാണ് മറ്റൊരു പ്രശ്നം. ഒന്നിന്റേയും ഉള്ളിൽ കയറാതെ കാറ്റിന് പ്രവർത്തിക്കാം.

കാറ്റിനേക്കുറിച്ച് ഈ അബദ്ധസിദ്ധാന്തം അവതരിപ്പിക്കാൻ കെ.എ.ഏബ്രഹാമിനെ പ്രേരിപ്പിച്ച ഘടകം എന്താണ്? മറ്റൊരു വിഡ്ഢിത്തം സ്ഥാപിക്കാനാണ് ഇഷ്ടൻ ഈ സിദ്ധാന്തം സൃഷ്ടിച്ചത്. സാത്താന് ഏതെങ്കിലും വ്യക്തിയുടെ ശരീരത്തിൽ കയറിയിട്ടല്ലാതെ പ്രവർത്തിക്കാൻ കഴിയില്ലത്രേ. (ഭൂതവും പിശാചും തമ്മിലുള്ള വ്യത്യാസം കെ.എ.ഏബ്രഹാമിന് അറിഞ്ഞുകൂടാ).

നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്നാണ് ചൊല്ല്. പൊതുജനങ്ങളെ വിഡ്ഢികളാക്കാൻ നാലു വർഷം മുൻപ് കെ.സി.ജോൺ പവ്വർ വേഡ് മിനിസ്ട്രി ഉണ്ടാക്കിയിട്ട് തിരുവനന്തപുരത്ത് ഉഗ്രൻ ഒരു മീറ്റിംഗ് സംഘടിപ്പിച്ചു. കെ.സി.ജോണിനേക്കൂടാതെ രണ്ടു പ്രസംഗകരാണ് ഉണ്ടായിരുന്നത്: സുരേഷ് ബാബുവും കെ.എ.ഏബ്രഹാമും. അന്നുമുതൽ കെ.എ.ഏബ്രഹാം കെ.സി ജോണിന്റെ വലംകൈയാണ്. അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോൺ, ചെല്ലുന്നിടത്തെല്ലാം ഭാര്യയും കുട്ടികളുമുള്ള സുരേഷ് ബാബു എന്നിവരുടെ ആത്മമിത്രമായ കെ.എ.ഏബ്രഹാം ഏതുതരക്കാരനാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സോദോമ്യനായ മത്തായിക്കുട്ടിക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നതിലൂടെ കെ.എ.ഏബ്രഹാം ഈ വസ്തുതകൾ ഉറപ്പിക്കുകയും ചെയ്യുന്നു.

കെ.എ.ഏബ്രഹാമിനേക്കുറിച്ച് ഒട്ടേറെ കത്തുകൾ ഡിഫെൻഡറിന്റെ ഓഫീസിൽ ലഭിക്കുന്നുണ്ട്. ഇയാൾ പ്രസംഗിച്ചുകൂട്ടുന്ന വിഡ്ഢിത്തങ്ങളേക്കുറിച്ചാണ് മിക്കവരും എഴുതുന്നത്. അറിവുള്ളവർ ഇത്തരം പ്രസംഗങ്ങൾ കേട്ട് പെന്തക്കോസ്തുകാരെ പരിഹസിക്കുന്നു. സത്യവചനം പ്രസംഗിക്കുന്ന ദൈവദാസൻമാരും ഈ വിധത്തിൽ പരിഹാസപാത്രമാകുന്നു.

വെള്ളമില്ലാത്ത മേഘങ്ങൾക്ക് പെന്തക്കോസ്തിൽ പഞ്ഞമില്ല. കെ.എ.ഏബ്രഹാം അതിൽ ഒന്നാണ്. പക്ഷേ വിവരംകെട്ട പെന്തക്കോസ്തുകാർക്ക് നൻമയും തിൻമയും തിരിച്ചറിയാൻ കഴിയുന്നില്ല. അതുകൊണ്ട് കെ.എ.ഏബ്രഹാം ഇന്നും വചനപണ്ഡിതനായി വിലസുന്നു. ഈ തിൻമയ്ക്ക് അറുതി വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.


## – 100 പ്രസംഗങ്ങൾ –
## റിക്കാഡിംഗ് പുരോഗമിക്കുന്നു

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ആഗസ്റ്റ് 31.
മുഖവില: 1000 രൂപ.
ആഗസ്റ്റ് 31 വരെ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

## പ്രഭാതധ്യാനം

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭാതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
റ്റി.എസ്.ബാലൻ,
ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542
ഫോൺ: 0484-3232356, 9447414608

# ചവർ ചാനൽ സ്വകാര്യസ്വത്തോ?

ചവർ ചാനലിന്റെ ഉടമസ്ഥൻ ആര്? വേഡ് ടെലികാസ്റ്റിംഗ് കമ്പനി എന്ന പേരിൽ കെ.സി.ജോൺ രജിസ്റ്റർ ചെയ്ത പബ്ലിക്ക് ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതാണ് ചവർ എന്നാണ് കേട്ടിരുന്നത്. അത് ശരിയാണെങ്കിൽ ഈ കമ്പനിയുടെ ഷെയർ വാങ്ങുന്നവരെല്ലാം ഉടമസ്ഥരാകും. പക്ഷേ ചവറിന്റെ വെബ്സൈറ്റിൽ മറ്റൊന്നാണ് കാണുന്നത്. സംശയമുള്ളവർ ചവറിന്റെ വെബ്സൈറ്റിൽ http://powervisiontv.org/leadership.php എന്ന ലിങ്ക് നോക്കുക. ഈ പേജിൽ ഇപ്രകാരം കാണുന്നു:

**Value Vision Broadcasting Pvt Ltd**

(Holds the Licence for PowerVision TV)

Chairman: Rev Dr K C John
Vice Chairman: Mr Varkey Abraham
Managing Director: Rev Dr R Abraham
Executive Director: Dr Alexander P Abraham

**Board Of Directors**

Mr Joy Kallumkal (General Secretary), Mr Philip George (Treasurer), Mr George Saji (Executive Member), Dr Charley Thomas (International Promoter), Mr Ben Jacob (Planning Consultant), Ms Helen Johnson Titus, Pr Augustine Japakumar, Pr James Eapen, Mr PV Thomas, Dr Judson.

**Word Telecasting Company Ltd**

(Handles the production of programs for PowerVision TV).

Chairman and CEO: Rev Dr K C John
Vice Chairman: Rev Dr Babu George
Managing Director: Rev Dr Mathews Chacko
Executive Director: Rev Dr R Abraham
Finance Manager: Pastor K E Samuel
PRO: Joy Thanuvelil

**Directors:** Mr Thomas John, Mr Varkey Abraham, Mr Joy Kallumkal, Mr Philip George, Mr George Saji.

ചുരുക്കത്തിൽ രണ്ട് കമ്പനികളുണ്ട്. അവയിൽ വാല്യൂ വിഷൻ എന്ന സാധനം പ്രൈവറ്റാണ്, അതായത് സ്വകാര്യ സ്വത്താണ്. ചവറിന്റെ ലൈസൻസ് ഈ കമ്പനിയുടെ വകയാണ്. ചവറിനുവേണ്ടി പ്രോഗ്രാം ഉണ്ടാക്കുന്നത് വേഡ് ടെലികാസ്റ്റിംഗ് കമ്പനിയാണ്. ഇതാണ് പബ്ലിക് ലിമിറ്റഡ് കമ്പനി. സുവിശേഷത്തിന്റെ പേരുപറഞ്ഞ് പൊതുജനങ്ങളോട് പിരിക്കുന്ന പണം ഏതു കമ്പനിക്ക് ലഭിക്കുന്നു? അത് അറിയണമെങ്കിൽ രണ്ടു കമ്പനികളുടേയും കണക്ക് നോക്കണം. (വിവരാവകാശ നിയമം ഉപയോഗിച്ച് ആർക്കും ഈ കണക്കുകൾ കമ്പനി രജിസ്ട്രാറിൽ നിന്ന് ശേഖരിക്കാവുന്നതാണ്.)

പ്രോഗ്രാം ഉണ്ടാക്കുന്ന ചുമതല മാത്രമേ പബ്ലിക് ലിമിറ്റഡ് കമ്പനിക്കുള്ളൂ എങ്കിൽ ചവർ ചാനലിന്റെ വസ്തുവകകളെല്ലാം പ്രൈവറ്റ് കമ്പനിയുടെ ഉടമസ്ഥരുടെ സ്വത്താണ്. ഏതു സമയത്തും അവർക്ക് ഈ കമ്പനി വിൽക്കാം. വിറ്റ് കിട്ടുന്ന പണം അവരുടെ പോക്കറ്റിലേക്ക് പോകും. സ്വന്തം പണം ഉപയോഗിച്ചാണ് ഇവർ ഈ പ്രൈവറ്റ് കമ്പനി ആരംഭിച്ചതെങ്കിൽ തെറ്റില്ല. പക്ഷേ സുവിശേഷത്തിന്റെ പേര് പറഞ്ഞ് പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത പണം പ്രൈവറ്റ് കമ്പനിയിൽ ഉണ്ടെങ്കിൽ സംഗതി ഗൗരവമുള്ളതാകും. ട്രസ്റ്റും സൊസൈറ്റിയും മറ്റും പോലെയല്ല കമ്പനി എന്ന് അറിഞ്ഞിരുന്നാൽ നന്ന്.

# കൊടുക്കൽ ബിസിനസ്സ് പരുത്തിപ്പാറയിൽ

കഴിഞ്ഞ ദിവസം ഭാരത് ടി.വിയിൽ ഒരു പരിപാടി കണ്ടു. ദൈവവേലയ്ക്കായി പണം കൊടുത്താൽ നിങ്ങളുടെ ബിസിനസ്സ് പുരോഗമിക്കും. കാരണം, യേശുക്രിസ്തു ഒരു ബിസിനസ്സുകാരനായിരുന്നു. ഇങ്ങനെ പണം കൊടുത്തവരുടെയെല്ലാം ബിസിനസ്സ് യേശുക്രിസ്തുവെന്ന ബിനിനസ്സ് കാരൻ അഭിവൃദ്ധിപ്പെടുത്തി. നിങ്ങളും ഇപ്പോൾത്തന്നെ ഞങ്ങളെ വിളിക്കുക. പരിപാടിയുടെ അവസാന ഭാഗം മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട് ഈ തള്ളന്റെ പേരും വിലാസവും പിടികിട്ടിയില്ല. പരുത്തിപ്പാറയിലാണ് ഇയാളുടെ വീട് എന്ന് അറിയാൻ കഴിഞ്ഞു. ഇയാളേക്കുറിച്ച് കൂടുതൽ എന്തെങ്കിലും അറിയാവുന്നവരുണ്ടെങ്കിൽ ദയവായി ഡിഫെൻഡർ ഓഫീസിൽ അറിയിക്കുക.

# ചവറിൽ വീണ്ടും വളിച്ച വിഭവം

ചവറിൽ എന്നും പ്രോഗ്രാമുകൾക്ക് പഞ്ഞമാണ്. ചവർ ഉദ്ഘാടനം ചെയ്ത അന്നു തുടങ്ങിയ ഈ ദാരിദ്ര്യം ഇന്നും മാറിയിട്ടില്ല. ഉദ്ഘാടനത്തിന്റെ വീഡിയോയും കത്തോലിക്കരുടെ പാട്ടും മാത്രമായിരുന്നു ആദ്യ ദിവസങ്ങളിൽ ഉണ്ടായിരുന്നത്. ഒരു വർഷത്തോളം ഈ പരിപാടികൾ ആവർത്തിച്ച് സംപ്രേക്ഷണം ചെയ്തുകൊണ്ടിരുന്നു.

ഏതാനും മാസം മുൻപ് ഈ പരിപാടികൾ മാറ്റി കുറെ സമൂഹഗാനങ്ങൾ സംപ്രേക്ഷണം ചെയ്യാൻ തുടങ്ങി. കത്തോലിക്കരുടെ പാട്ടിനേക്കാൾ എന്തുകൊണ്ടും ഭേദമായിരുന്നു ഇവ എന്നതിൽ സംശയമില്ല. പക്ഷേ കഴിഞ്ഞ ദിവസം വീണ്ടുമെത്തി ഉദ്ഘാടന പരിപാടി. ജോളി ഏബ്രഹാമിന്റെ പാട്ടും ട്രാവന്റെ കോച്ചുവാതവും ഒക്കെ പഴയപടി കണ്ടു. നാണംകെട്ടവൻമാരുടെ രാജാവാണ് കെ.സി.ജോൺ എന്നറിയാം. എങ്കിലും ചോദിക്കട്ടെ, നാണം എന്നാൽ എന്തെന്ന് അറിയാവുന്ന ആരും ഈ ചാനലിൽ ഇല്ലാതായോ?

# ഡോ.മുരളീധറും ഉണ്ടോ കള്ളൻമാരുടെ കൂട്ടത്തിൽ?

ഡോ.മുരളീധറെ നാളിതുവരെ ഡിഫെൻഡർ വിമർശിച്ചിട്ടില്ല. വചനപരിജ്ഞാനമുള്ള ഒരു ദൈവദാസനാണ് അദ്ദേഹം എന്നാണ് ഡിഫെൻഡറിന്റെ ധാരണ. ആ ധാരണ തെറ്റായിരുന്നു തെളിയുമോ എന്ന ആശങ്കയിലാണ് ഡിഫെൻഡർ ഇപ്പോൾ.

സംഭവം ചുരുക്കി പറയാം: തട്ടിപ്പിന്റെ ആൾരൂപമായ സുരേഷ് ബാബു ജൂലൈ 16 മുതൽ ആഗസ്റ്റ് 15 വരെ തിരുവനന്തപുരത്തെ കുമാരപുരത്ത് യോഗങ്ങൾ നടത്തുന്നുണ്ട്. ഫിന്നി സ്റ്റീഫൻ ഉൾപ്പെടെ കുറെ കള്ളൻമാർ പ്രസംഗിക്കുന്നുമുണ്ട്. ജൂലൈ 15ന് പ്രസിദ്ധീകരിച്ച മലയാള മനോരമയുടെ തിരുവനന്തപുരം എഡിഷനിൽ ഈ യോഗത്തിന്റെ പരസ്യം കൊടുത്തിരുന്നു. പ്രസംഗകരുടെ കൂട്ടത്തിൽ ഡോ. മുരളീധർ എന്ന പേരും കണ്ടു. അതുകൊണ്ട് ചോദിക്കട്ടെ, ഡോ.മുരളീധർ ഈ യോഗത്തിൽ പങ്കെടുത്തോ? പങ്കെടുത്തെങ്കിൽ മുരളീധറേയും കള്ളൻമാരുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഡിഫെൻഡർ വിമർശിക്കും.

# തോമസ്കുട്ടിയും മുടിയില്ലാത്തയാളും

പത്രപ്രവർത്തകന് അക്ഷരജ്ഞാനം അത്യാവശ്യ ഘടകമല്ല എന്ന് തെളിയിച്ച മഹാനാണ് റാന്നിയിലെ കെ.പി.തോമസ്കുട്ടി. ഇദ്ദേഹം പ്രസിദ്ധീകരിക്കുന്ന വചനഘോഷണം എന്ന പത്രം മലയാള ഭാഷയോട് കാട്ടുന്ന ക്രൂരത വർണ്ണനാതീതവുമാണ്. എന്നാൽ ജൂലൈ ലക്കത്തിൽ തോമസ്കുട്ടി പ്രസിദ്ധീകരിച്ച ''സാത്താന്റെ സഭയും സെമിനാരിയും നെടുങ്ങാടപ്പള്ളിയിൽ'' എന്ന വാർത്തയാണ് ഈ കുറിപ്പിന് ആധാരം. വാർത്ത പലവട്ടം വായിച്ചിട്ടും കാര്യം പിടികിട്ടിയില്ല.

അമേരിക്കൻ പണത്തിന്റെ ബലത്തിലാണ് ഈ സഭയും സംഘടനയും പ്രവർത്തിക്കുന്നതത്രേ. അതിൽ പുതുമയൊന്നുമില്ല. ഇന്ത്യയിലെ ഭൂരിപക്ഷം സുവിശേഷ സംഘടനകളും ബൈബിൾ കോളേജുകളും പ്രവർത്തിക്കുന്നത് വിദേശ പണംകൊണ്ടാണ്. ഈ സഭയ്ക്ക് ഉപദേശപ്പിശകുണ്ട് എന്നതാണ് അടുത്ത ആരോപണം. പക്ഷേ എന്താണ് ഉപദേശപ്പിശകെന്ന് പറയുന്നില്ല. ഉപദേശപ്പിശകുള്ളതുകൊണ്ടുമാത്രം ഒരു സഭ സാത്താന്റെ സഭയാകുമോ? ആകുമെങ്കിൽ സാത്താന്റെ സഭ തപ്പി മല്ലപ്പള്ളി വരെ പോകേണ്ടിയിരുന്നില്ല. റാന്നിയിൽത്തന്നെ ഉപദേശപ്പിശകുള്ള സഭകൾ ഏറെയുണ്ടല്ലോ. സാത്താനെ ദൈവമായി ആരാധിക്കുന്ന സഭയാണ് സാത്താന്റെ സഭ എന്നുപോലും തോമസ്കുട്ടിക്ക് അറിഞ്ഞുകൂടാ.

ആരാണ് ഈ സഭയും സെമിനാരിയും നടത്തുന്നത്? അത് തുറന്നു പറയാനുള്ള ധൈര്യം തോമസ്കുട്ടിക്കില്ല. സഭയുടെ പ്രസിഡന്റ് ''കോഴി മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നതുപോലെ 21 ദിവസത്തെ ഉപവാസത്തിനുശേഷം സ്വയം പാസ്റ്ററായി പ്രഖ്യാപിച്ചു'' എന്നാണ് ആരോപണം. ''തലയിൽ മുടി അധികമില്ലാത്ത ആളിൽ കുറുകിയ ഈ മനുഷ്യൻ അമേരിക്കൻ പൗരനാണ്'' എന്നും തോമസ്കുട്ടി പറയുന്നു. പക്ഷേ ആളിന്റെ പേരുമാത്രം പറയുന്നില്ല.

അപ്പന്റെ പേര് ചോദിച്ചപ്പോൾ ''തലയിൽ മുടിയില്ലാത്ത, പൊക്കം കുറഞ്ഞ, കള്ളുനാറുന്ന ആരോ ഒരാൾ'' എന്ന് തോമസ്കുട്ടിയോട് അമ്മ പറഞ്ഞെന്നുകരുതി പത്രത്തിൽ വാർത്ത എഴുതുമ്പോൾ ഇങ്ങനെയൊക്കെ എഴുതുന്നത് കഷ്ടമാണ് തോമസ്കൂട്ടീ.






# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി എന്ന പരസ്യം കണ്ട് നിരവധി ആളുകൾ വിശദാംശങ്ങൾ അന്വേഷിക്കുകയുണ്ടായി. 40 സി.ഡികളിലായി 1500ൽ അധികം പുസ്തകങ്ങളും നാല് ലക്ഷത്തോളം പേജുകളും അടങ്ങുന്നതാണ് ഈ പുസ്തക ശേഖരം. പ്രാചീന പുസ്തകങ്ങളിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. അതുകൊണ്ട് പുസ്തങ്ങൾ, എഴുത്തുകാർ എന്നിവരേക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ നൽകുക ബുദ്ധിമുട്ടാണ്.

എഴുത്തുകാർ, പുസ്തകങ്ങൾ തുടങ്ങിയവയിൽ നിന്ന് തിരഞ്ഞെടുത്ത ലിസ്റ്റ് താഴെ കൊടുക്കുന്നു. ഈ ഗ്രന്ഥശേഖരത്തേക്കുറിച്ച് ഒരു ഏകദേശ രൂപം കിട്ടാൻ ഇത് ഉപകരിക്കും. (ഈ ലിസ്റ്റ് പൂർണ്ണമല്ല). പ്രത്യേക ശ്രദ്ധക്ക്: ഓരോ എഴുത്തുകാരനും എഴുതിയ മുഴുവൻ പുസ്തകങ്ങളും ഈ സി.ഡികളിൽ ഉണ്ടായിരിക്കും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും. സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചു തരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചു തരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US $ 100 or Rs.4000. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address: **T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

**Selected Books/Authors**

George Abbot
Ainsworth (3 vol.)
Henry Ainsworth (3 vol.)
William Alleine
Otia Christiana Or Christian Recreations
Scripture Doctrine Of The Appropriation
Vindiciae Cantus Dominici
Catechism Setting Forth The Principles
Lancelot Andrews
Ante-Nicene Fathers (8 vol.)
The Works of James Arminius (3 vol.)
Arrowsmith
John Arrowsmith (2 vol.)
Two Babylons
Roman Dogma And Scripture Truth
Great Red Dragon
History Of Popery
Treatise On Justification By Faith
Fall Of Babylon The Great
God Not To Be Worshipped By An Image
Suppressed Truth About The Assassination Of Lincoln
Fifty Years In The Church Of Rome
Priest The Woman & The Confessional
Justification By Faith Alone
Protestant Antidote Against The Poison Of Popery
Doctrine Of Justification
Romanism And The Reformation
Jesuits In History
Pope Of Rome Is That Antichrist
Confutation Of Four Romish Doctrines
Hurt Of Hearing Mass
Keys Of The Kingdom Of Heaven
Romanism Analysed
Refutation Of Arianism
Washington In The Lap Of Rome
Separated For Christ's Name's Sake
Manual Of Romish Controversy
Protestant Catechism Or Popery Refuted
Popery Is A Novelty
Augustin - The Writings Against the Manichaeans and Against the Donatists
Confessions of Saint Augustine
Augustine - Handbook on Faith, Hope ...
City of God and Christian Doctrine
On Christian Doctrine, in Four Books
On the Holy Trinity, Doctrinal Treatises, Moral Treatises
St. Augustin - Anti-Pelagian Writings
Sermon on the Mount, Harmony of the Gospels, Homilies on the Gospels
The Confessions and Letters of Augustin
Treatise On The Predestination
The Writings Against the Manichaeans and Against the Donatists
William Attersoll
Grounds of Separation
Short Catech_John Ball
Treatise of Faith
London Baptist Confession of Faith
American Baptist Confessions
Anabaptist Confessions of Faith
Andrew Fuller
THE GREAT QUESTION ANSWERED
Asahel Nettleton Sermons
BAPTIST CATECHISMS
BAPTIST HISTORIANS
BAPTIST MISSIONS &MISSIONARIES
Baptist Why and Why Not
BASIL MANLY
INSPIRATION OF THE SCRIPTURES
Catechism of the Waldenses
Character of Early Baptist Preachers
Danbury Baptist Correspondence
History of the Donatists
Does America Owes Its Religious
Foxes book of martyrs

A Concise History of the Baptists
Gadsby's Catechism
The Madison Avenue Lectures
THE SOVEREIGN DECREES OF GOD SET IN A SCRIPTURAL LIGHT
The Inspiration of the Scriptures
Bye-Paths In Baptist History
The History of the Waldenses
Immersion Essential to Christian Baptism
The Duty of Baptists to Teach
Divine Predestination
Perseverance of the Saints
Richard Fuller - Predestination
Spurgeon's Baptism To Obedience
St. Patrick was a Baptist
Thomas Armitage - History of Baptists
Warrants to Believe
What is Catechism
Apostolical Church Polity
Baptism and the Terms Fuller
Baptism Debate
Baptism its Mode and Its Subjects
History of Anti-Pedobaptism
RBC Howell - The Evils of Infant Baptism
William Kiffin - Church Communion
Baptist History\Baptism\error:
History of Baptism by Robinson
Baptists Thorough Reformers
Christian Directory
Treatise Of Self Denial
Paul Baynn
John Bernard
Richard Bernard
American Standard Version
King James Version of the Holy Bible
Holy Bible - Darby Translation
Holy Bible - Douay-Rheims
Holy Bible - German Luther Translation
Holy Bible - Latin Vulgate Translation
Holy Bible - Young's Literal Translation
One-Year Bible Reading Calendar
Webster's Bible
World English Bible
Defence Of The Sincere
Disputation On Holy Scripture
English Hexapla
Evidences Of The Authenticity
Inspiration The Infallible Truth
New Testament Greek
Protestant View Of The Inspiration
William Tyndale Bible
Easton's Bible Dictionary
Hitchcock's Bible Names Dictionary
Shortcut to Bibles
Smith's Bible Dictionary

Hugh Binning
Sinners Sanctuary
Thomas Blake
Abrahams Sacrifice
De Haereticis
Death of Calvin
Marks of True Church
Propositions_Princip
The Plague
Treasure of Truth
The Consolation of Philosophy
The Theological Tractates
The Trinity is One God Not Three Gods
Bonar, Horatius - God's Way of Peace
Marrow Of Modern Divinity
View Of The Covenant Of Grace
View Of The Covenant Of Works
Power Through Prayer
Prayer and Praying Men
Purpose in Prayer
The Essentials of Prayer
The Necessity Of Prayer
The Possibilities Of Prayer
The Reality of Prayer
The Weapon of Prayer
Oliver Bowles
John Boys
John Bradford
John Brinsley
Apocalypse & Primary Predictions
Christ's Second Coming
Restoration Of The Jews
David Brown
Robert Bruce
Martin Bucer
Self Interpreting Bible
Memoir of John Bunyan
Christ - A Complete Saviour
Complete works of John Bunyan
Evils of Schism
Faith Hope & Practice
Gospel Conversation
Communicant Sitting
Communicants Gesture
True History of COS
Exiles Of The Covenant
Life & Letters Of James Renwick
Life & Times Of Donald Cargill
Life & Times Of James Renwick
Life & Times Of John Wycliffe
Six Martyrs Of The Scottish Reformation
Three Heroes Of The Covenant
Trinity
Gospel Worship
Church History Library (20 vol.

Scripture Doctrine Of The Church
Church Of Christ Vol 1, 2
Covenanters Vol 1, 2
Debate On Slavery
History Of The Ancient Christians
Select Memoirs Of The Lives
Discussions On Church Principles
Historical Theology Vol 1, 2
Sermons By William Cunningham
Michael Cope
Theraputica Sacra
Christ Crucify'd
Complete Commentary Upon Revelation
Concerning Scandal
Various Sermons
John Gill's Exposition of the Entire Bible
Patrick Gillespie
Matthew Henry's Commentary
Complete works of Martin Luther
Commentary on Acts
Four-Fold Gospel
Melancthon & others
Peter Merlin
The Works of Edward Payson, (3 vol.)
Apostles Creed
Cases of Conscience
Perkins Works
William Perkins
George Petter
Presbyterian History Library
Church History Of Scotland Vol 1, 2
Short History Of The Reformation
Biographia Presbyteriana Vol 1, 2
Stephen Charnock
Thomas Brightman
Richard Rogers
Covenant of Life
Spiritual Antichris
Trial & Triumph Faith
Thomas Shepard
Patrick Symon
Richard Stock
Thomas Stoughton
Dr. Thomas Sutton
Exposition Of The Romans
Faithful Witness Bearing Exemplified
Life Of Justification Opened
Quakerism The Pathway To Paganism
Works Of The Rev Hugh Binning
Worshipping God In Spirit And In Truth
Thomas Young
Edward Topsell
Anthony Tuckney
Philosophy_Theology_
Reprobation_Gods Love
John Udall
Sum of Religion
Ursinus, Zacharias
History Independency
Christ in Believers
Life of Justification
Apologetical Relation
History of Indulgence
Life of Justification
Quakerism_Paganism
The Life of Faith
Christian Soldier
A. Wedderburn
John Welsh 1, 2
John Wesley: Complete Works
Selected Sermons of George Whitefield
Wilkinson,Henry: Complete works
Atonement Of Christ
William Ames
Papacy: It's History Dogmas
Protestantism In Scotland
Scottish Reformation Ter-Centenary
The history of protestantism
The papacy is antichrist

# പുരോഹിതരുടെ ലൈംഗിക പീഡനം: കത്തോലിക്കസഭ മാപ്പ് പറഞ്ഞു

പുരോഹിതൻമാരുടെ ലൈംഗീകാതിക്രമങ്ങൾക്ക് ഇരയായവരോടെല്ലാം കത്തോലിക്കാസഭ മാപ്പുപറഞ്ഞു. അമേരിക്കയിലെ ലോസ് ഏഞ്ചൽസ് അതിരൂപതയുടെ ആർച്ച് ബിഷപ്പായ കർദ്ദിനാൾ റോഗർ മഹോണിയാണ് സഭയ്ക്കുവേണ്ടി മാപ്പ് അപേക്ഷിച്ചത്. അതിരൂപതയുടെ കീഴിലുള്ള പുരോഹിതൻമാർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ലൈംഗീകാതിക്രമങ്ങളുമായി ബന്ധപ്പെട്ട് കോടതിയിലുള്ള അഞ്ഞൂറോളം കേസ്സുകൾക്ക് ഒത്തുതീർപ്പ് ഉണ്ടാക്കിയതിനു തൊട്ടു പിന്നാലെയാണ് കർദ്ദിനാൾ ക്ഷമാപണം നടത്തിയത്.

പുരോഹിതൻമാരുടെ ലൈംഗീകാതിക്രമങ്ങളുമായി ബന്ധപ്പെട്ട് നൂറുകണക്കിനു കേസ്സുകൾ അമേരിക്കയിലെ എല്ലാ രൂപതകളിലും നിലവിലുണ്ട്. ബോസ്റ്റണിലെ സംഭവവികാസങ്ങളേക്കുറിച്ച് ഏതാനും വർഷം മുൻപ് ഡിഫെൻഡറിൽ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ലോസ് ഏഞ്ചൽസിലെ വിവിധ കേസ്സുകളിലായി 660 ദശലക്ഷം ഡോളർ (ഏകദേശം 26400 കോടി രൂപ) നഷ്ടപരിഹാരം നൽകാമെന്ന ഉറപ്പിലാണ് കേസ്സ് ഒത്തുതീർപ്പായത്. ഇതിൽ 250 ദശലക്ഷം ഡോളർ അതിരൂപത നൽകും. ഇൻഷ്വറൻസ് കമ്പനി 227 ദശലക്ഷം ഡോളറും വിവിധ കത്തോലിക്കാ സംഘടനകൾ 60 ദശലക്ഷം ഡോളറും നൽകും. ഈ ഒത്തുതീർപ്പിൽ ഉൾപ്പെടാൻ തയ്യാറാകാത്ത കത്തോലിക്കാസംഘടനകളിൽനിന്ന് ബാക്കി തുക ഈടാക്കാനാണ് സഭാനേതൃത്വത്തിന്റെ പദ്ധതി.

ഇത്ര വലിയതുക നഷ്ടപരിഹാരമായി കൊടുക്കാൻ കത്തോലിക്കസഭ തയ്യാറാകുന്നത് ആദ്യമായാണ്. നഷ്ടപരിഹാരം കൊടുത്തു കഴിയുന്നതോടെ ലോസ് ഏഞ്ചൽസ് അതിരൂപത അക്ഷരാർത്ഥത്തിൽ പാപ്പരാകും.

വർഷങ്ങളോളം നീണ്ട നിയമയുദ്ധത്തിനുശേഷമാണ് സഭ നഷ്ടപരിഹാരം നൽകാൻ സമ്മതിക്കുന്നത്. ഏതായാലും കുറ്റം തുറന്ന് സമ്മതിക്കാൻ സഭ തയ്യാറായി എന്നത് പ്രശംസനീയമായ കാര്യമാണ്. (ലൈംഗീകാതിക്രമങ്ങൾക്ക് ഇരയായ എല്ലാവരോടും മാപ്പ് അപേക്ഷിച്ചുകൊണ്ട് കർദ്ദിനാൾ നടത്തിയ മാപ്പപേക്ഷയുടെ പ്രധാന ഭാഗങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ളത് നോക്കുക). ഈ ഏറ്റുപറച്ചിൽ ആത്മാർത്ഥതയുള്ളതാണെന്ന് കരുതുന്നതിൽ തെറ്റില്ല. കർദ്ദിനാൾ പറയുന്നു:

‘‘അതിക്രമങ്ങൾക്ക് ഇരയായ നിരവധി ആളുകളുമായി ഞാൻ കഴിഞ്ഞകാലങ്ങളിൽ സംസാരിച്ചിരുന്നു. കുറ്റകൃത്യത്തിന്റെ ഭീകരത എത്രത്തോളമെന്ന് മനസ്സിലാക്കുവാൻ അത് എന്നെ സഹായിച്ചു ......... എല്ലാറ്റിനും ഞാൻ മാപ്പുചോദിക്കുന്നു. ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ലായിരുന്നു. ഇനി ഇത്തരം സംഭവങ്ങൾ ഉണ്ടാകയുമരുത്...... കേസ്സ് തീരുകയും അതിക്രമങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം കിട്ടുകയും ചെയ്തെങ്കിലും അവർക്ക് നഷ്ടപ്പെട്ട ആ നിഷ്ക്കളങ്കത ഇനി തിരിച്ചുകിട്ടുകയില്ല. കത്തോലിക്കസഭയിലെ പുരോഹിതൻമാർ, ഡീക്കൻമാർ, ആത്മീയപ്രവർത്തകരായ മറ്റ് സ്ത്രീപുരുഷൻമാർ തുടങ്ങിയവരിൽ നിന്ന് ലൈംഗീകാതിക്രമങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന എല്ലാവരോടും ഞാൻ ഒരിക്കൽക്കൂടി ക്ഷമയാചിക്കുന്നു’’.

ഇത്തരം ഒരു ക്ഷമായാചനത്തിന് കത്തോലിക്കസഭ തയ്യാറായത് പ്രശംസനീയംതന്നെ. ഇതര ക്രൈസ്തവസഭകൾക്കും ഇത് ഒരു മാതൃകയാണ്.



Here are key quotes from the Cardinal’s statements:

“We gather today because this long journey has now come to an end and a new chapter of that journey is beginning. Over the past year, it has been my privilege and grace to meet with many, many victims one by one ... and during this time I have come to understand far more deeply than I ever could the impact of this terrible sin and crime that has affected their lives.”

* * * * * *

“Once again, I apologize to anyone who has been offended, who has been abused. It should not have happened and should not ever happen again.”

* * * * * *

“So many of the victims told me in various ways that even though the cases are resolved, even though they’re receiving some compensation, there really is no way to go back and give them that innocence that was taken from them. It is the one part of the settlement process that I find the most frustrating, because the one thing I wish I could give the victims, I cannot. And that is a restoration of where they were (as children).”

* * * * * *

“Once again, I apologize to anyone who has been offended, who has been abused in the Catholic church by priests, by deacons, by religious men and women and laypeople. It should not have happened and should not ever happen again.”

* * * * * *

“Sometimes I honestly had reached the bottom. I didn’t know what to do next. It seemed like everything I tried to do was wrong, somebody thought it was wrong. I think spiritually ... when you are totally empty, the only way up—without your resources—is God. Spiritually, it’s been an enormous time, times of frustration but also times of great spiritual strength, knowing that I don’t have all the answers and relying on God to show us the way forward.”



## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

RNI No. 68089 / 97
2007 August 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കത്തോലിക്കർ മാപ്പുപറഞ്ഞു, പെന്തക്കോസ്തുകാരോ?


ടി.എസ്.ഏബ്രഹാം


കെ.സി.ജോൺ


സി.വി.ജോൺ

പുരോഹിതൻമാരുടെ ലൈംഗീകാതിക്രമങ്ങൾക്ക് കത്തോലിക്കസഭ മാപ്പ് പറയുകയും 26400 കോടി രൂപ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്തു. പക്ഷേ പെന്തക്കോസ്ത് പാസ്റ്റർമാരുടെ - വിശേഷിച്ചും പെന്തക്കോസ്ത് നേതാക്കൻമാരുടെ - ലൈംഗീകാതിക്രമങ്ങൾ അംഗീകരിക്കാൻ പോലും പെന്തക്കോസ്ത് സഭകൾ തയ്യാറായിട്ടില്ല.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ ഏറ്റവും വലിയ പാസ്റ്ററായ ടി.എസ്.ഏബ്രഹാം എത്ര പെൺകുട്ടികളെ ലൈംഗീകമായി ചൂഷണം ചെയ്തു എന്നതിന് കൃത്യമായ കണക്കില്ല. പക്ഷേ ഈ സംഖ്യ നൂറിൽ താഴെയല്ല എന്ന് തീർത്തു പറയാവുന്നതാണ്. ഇവയിൽ കുളത്തൂപ്പുഴ സംഭവം മാത്രമാണ് പൊതുജനം അറിഞ്ഞത്. ആ പെൺകുട്ടിയെ ഗർഭിണിയാക്കിയതിനും ഗർഭഛിദ്രം നടത്തിയതിനും മറ്റുമായി അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാമെന്ന് വാക്ക് കൊടുത്തിരുന്നെങ്കിലും 5000 രൂപ മാത്രമാണ് കൊടുത്തത്. ഈ സംഭവം ഡിഫെൻഡറിൽ വാർത്ത ആയതിനുശേഷം ഒന്നരലക്ഷം രൂപ കൂടി കൊടുത്ത് പ്രശ്നം ഒതുക്കി.

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയിലാണ് ലൈംഗികതയുടെ ആദ്യാക്ഷരം കുറിച്ചത്. പിന്നീട് കാട്ടിക്കൂട്ടിയതൊക്കെ പറയാതിരിക്കയാണ് ഭേദം. പക്ഷേ ഐ.പി.സിയെന്ന പെന്തക്കോസ്ത് സഭയുടെ ജനറൽ പ്രസിഡന്റാകുന്നതിന് അതൊന്നും തടസ്സമായില്ല.

ശാരോൻ ഫെലോഷിപ്പിന്റെ പ്രധാന നേതാക്കൻമാരിൽ ഒരാളായ സി.വി.ജോൺ സ്വന്തം പെൺമക്കളെ വരെ ലൈംഗീകമായി ഉപയോഗിച്ച നീചനാണ്. സഭാനേതൃത്വത്തിന് ഈ സംഭവങ്ങളൊക്കെ അറിയാവുന്നതുമാണ്. പക്ഷേ ഇന്നും ഇയാൾ ശാരോൻ സഭയുടെ നേതൃത്വത്തിലുണ്ട്.

കുപ്രസിദ്ധ സുവിശേഷകനായ സുരേഷ് ബാബു വ്യഭിചാരം തൊഴിലാക്കിയവനാണ്. പക്ഷേ എ.ജി സഭാനേതൃത്വത്തിന് അതൊന്നും പ്രശ്നമല്ല. എ.ജിയുടെ അംഗീകൃത പാസ്റ്ററായ മത്തായിക്കുട്ടി ഏഴു വയസ്സുള്ള കുട്ടിയോടു മുതൽ എഴുപത് കഴിഞ്ഞ വൃദ്ധനോടു വരെ പ്രകൃതിവിരുദ്ധ ബന്ധം നടത്തിയവനാണ്. ഇതേപ്പറ്റി ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും എ.ജി നേതൃത്വത്തിന് അനക്കമെല്ല. 2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും എന്ന് ആഞ്ഞിലിക്ക എന്നു പേരുള്ള ഒരു മഠത്തിലമ്മ പ്രവചിച്ചു എന്ന് പ്രസംഗിച്ച് ഉലകം ചുറ്റുകയാണ് എ.ജി നേതാവായ ടി.ജെ.ശാമുവൽ.

വ്യഭിചാരത്തിന്റെ ആൾരൂപമായ സാമച്ചന് ലോകം മുഴുവൻ നല്ല സ്വീകരണം ലഭിക്കുന്നു. ഇയാൾ ഈ കാലഘട്ടത്തിന്റെ പ്രവാചകനാണത്രേ. ഇങ്ങനെ കുറച്ചധികം പറയാനുണ്ട്.

കത്തോലിക്കർക്ക് കുറ്റം ഏറ്റു പറയാനും മാപ്പപേക്ഷിക്കാനും നഷ്ടപരിഹാരം കൊടുക്കാനും ഉള്ള മനസ്സുണ്ടായി. പക്ഷേ പരിശുദ്ധ പെന്തക്കോസ്തുകാർക്ക് തെറ്റ് ഏറ്റുപറയാൻ പോലും മനസ്സില്ല. തങ്ങൾ വിശുദ്ധരാണ് എന്ന് പച്ചക്കള്ളം പറഞ്ഞുകൊണ്ട് ഇവർ ജനവഞ്ചന തുടരുന്നു.

തെറ്റ് സമ്മതിക്കുന്നില്ല എന്നു മാത്രമല്ല സത്യം പറയുന്നവരെ അടിച്ചൊതുക്കാനും പെന്തക്കോസ്ത് നേതാക്കൻമാർ തയ്യാറാകുന്നു. സ്വന്തം അളിയനെ രക്ഷിക്കാൻ കെ.എ.ഏബ്രഹാം ഗുണ്ടകളെ ആശ്രയിക്കുന്നു. സത്യം പറഞ്ഞതിന് ഡിഫെൻഡർ പ്രവർത്തകരെ ടി.എസ്.ഏബ്രഹാമും കൂട്ടരും കള്ളക്കേസ്സിൽ കുടുക്കി പീഡിപ്പിക്കുന്നു. ശാരോൻ നേതാക്കൻമാരുടെ ദുർന്നടപടികൾക്കെതിരെ പ്രതികരിച്ചതിന് അവർ ടി.എസ്.ബാലനെ നിരന്തരം പീഡിപ്പിക്കുന്നു.

വിശ്വാസ വിഷയങ്ങളിൽ കത്തോലിക്കർക്ക് തെറ്റിയെന്നത് ശരിതന്നെ. പക്ഷേ സദാചാരവിഷയത്തിൽ അവരെ കണ്ട് പെന്തക്കോസ്തുകാർ പഠിക്കട്ടെ.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| **C.D. 1 -** അടിസ്ഥാന വേദോപദേശങ്ങൾ | **C.D. 2 -** കൾട്ടുകൾ | **C.D. 3 -** ആത്മലോകം | **C.D. 4 -** ദുരുപദേശങ്ങൾ | **C.D. 5 -** ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| **C.D. 6 -** വ്യാഖ്യാനശാസ്ത്രം | **C.D. 7 -** ഭാവികാലശാസ്ത്രം | **C.D. 8 -** ബൈബിളിൽ തെറ്റുണ്ടോ? | **C.D. 9 -** ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | **C.D. 10 -** ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

**MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan